# ഇസ്‌ലാം:
## സമർപ്പണം
## സമാധാനം

**Niche Publications**

Malayalam | Book
**Islam: Samarppanam, Samadhanam**
Author: Jamal Attingal, Sajjad Bin Abdurazack
First Edition: November 2024
Second Edition: April 2025
**Free Distrubution Only**

**Publishers**

**Niche Publications**
Poothole | Thrissur4 | Kerala | India
Email: nicheoftruthinfo@gmail.com

**Distributer**

NICHE OF TRUTH
Poothole | Thrissur4 | Kerala | India
www.nicheoftruth.org | Email: nicheoftruthinfo@gmail.com
dawa@nicheoftruth.org

All Rights Reserved. No part of this work may be reproduced or utilised in any form or by any means without the prior written permission of the author or publishers.

## പ്രസാധകക്കുറിപ്പ്

**ഈ** ലോകത്തിനൊരു സ്രഷ്ടാവുണ്ട്. നമുക്ക് ജീവൻ നൽകി വായുവും വെള്ളവും സൗകര്യപ്പെടുത്തി ഭൂമിയെ ജീവിത യോഗ്യമാക്കിയ പരമകാരുണികനായ സ്രഷ്ടാവ് അഥവാ അല്ലാഹു. ഈ ജീവിതത്തിന്റെ പരമലക്ഷ്യം എന്തെന്നും നാം ഇവിടെ എങ്ങനെ ജീവിക്കണമെന്നും നബിമാർ മുഖേന അല്ലാഹു നമുക്ക് അറിയിച്ചുതന്നിട്ടുണ്ട്. നമ്മുടെ ജീവിതത്തിന്റെ കണക്ക് മരണശേഷം നാം അവന്റെ മുമ്പിൽ ബോധിപ്പിക്കേണ്ടിവരും. പുണ്യം ചെയ്തവന് അന്ന് സ്വർഗവും പാപം ചെയ്തവന് നരകവും പ്രതിഫലം കിട്ടും. അതിനാൽ അല്ലാഹു അവന്റെ നബിമാരിലൂടെ നൽകിയ നിർദേശങ്ങൾ അനുസരിച്ച് ജീവിക്കുകയാണ് മനുഷ്യന്റെ ഏകരക്ഷാമാർഗം.

നമ്മുടെ സ്രഷ്ടാവായ അല്ലാഹുവിന്റെ വചനങ്ങളാണ് വിശുദ്ധ ക്വുർആൻ. മാറ്റത്തിരുത്തലുകൾക്കോ, മനുഷ്യരുടെ കൈ കടത്തലുകൾക്കോ വിധേയമാകാതെ, ലോകത്ത് അവശേഷിക്കുന്ന ഏക വേദഗ്രന്ഥം വിശുദ്ധ ക്വുർആൻ മാത്രമാണ്. മുഹമ്മദ് നബി (സ്വ) യിലൂടെ അവൻ ആ സന്ദേശം മനുഷ്യർക്കെത്തിച്ചുകൊടുത്തു. ഇത് അറിഞ്ഞവരും അറിയാത്തവരും നമുക്കിടയിൽ ഉണ്ട്. മനുഷ്യർക്ക് അല്ലാഹുവിന്റെ സന്ദേശമറിയിക്കൽ അതറിഞ്ഞവരുടെ ബാധ്യത യാണ്. അതിനായി രൂപീകൃതമായ ഒരു കൊച്ചു കൂട്ടായ്മയാണ് നിച്ച് ഓഫ് ട്രൂത്ത്.

അല്ലാഹുവേ, നിന്റെ സത്യമത സന്ദേശ പ്രചാരണത്തിനു വേ ണ്ടിയുള്ള ഈ എളിയ ശ്രമം ഞങ്ങളിൽ നിന്ന് സ്വീകരിക്കേണ മേ, അപാകതകൾ പൊറുത്തുതരേണമേ. ഇതിന്റെ പിന്നിൽ പ്ര വർത്തിച്ചവർക്കും സഹകരിച്ചവർക്കും സ്വർഗം നൽകി അനുഗ്രഹി ക്കേണമേ. ദുർബലമായ ഞങ്ങളുടെ കരങ്ങൾക്ക് നീ ശക്തി പകരേണ മേ... (ആമീൻ).

- നിച്ച് ഓഫ് ട്രൂത്ത്

# ആമുഖം

*പരമ കാരുണ്യവാനും കരുണാനിധിയുമായ*
*അല്ലാഹുവിന്റെ നാമത്തിൽ....*

സഹോദരാ,

ഒരാൾ മരണപ്പെട്ടാൽ സാധാരണയായി ആളുകൾ പറയാറുള്ള വാചകമാണ് ‘may his soul rest in peace’ 'പരേതന്റെ ആത്മാവിന് നിത്യശാന്തിയുണ്ടാവട്ടെ'

എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ, എന്താണീ ആത്മാവ്, എന്താണ് നിത്യശാന്തി, rest in peace എന്ന പ്രയോഗംകൊണ്ട് എന്താണ് അർത്ഥമാക്കുന്നത് എന്നൊക്കെ?!

വാസ്തവത്തിൽ മരണശേഷം ഒരു ലോകമുണ്ട് എന്നും, അവിടെ ആത്മാവിന് ശാന്തി ആവശ്യമാണെന്നും നമ്മൾ തന്നെ പറയാതെ പറയുന്നു, അത് നമ്മൾ അംഗീകരിക്കുകയും ചെയ്യുന്നു.

കണ്ണും, കാതും തുറന്നുവെച്ച് ബുദ്ധി കൊടുത്ത് ചിന്തിക്കുന്നവർക്ക് ഈ ലോകത്തിനു ഒരു സ്രഷ്ടവുണ്ടെന്ന് മനസ്സിലാവും.

കുറച്ചുകൂടി ആഴത്തിൽ ചിന്തിക്കുമ്പോൾ ചില പ്രസക്തമായ ചോദ്യങ്ങൾ നമ്മുടെ മുന്നിൽ കടന്നുവരും.

- ഞാൻ എവിടെ നിന്ന് വന്നു?
- മരണത്തോട് കൂടി ഈ ജീവിതം അവസാനിക്കുമോ?
- മരണശേഷം മറ്റൊരു ലോകമുണ്ടെങ്കിൽ അതെങ്ങിനെയാകും?
- പരലോകത്ത് രക്ഷാശിക്ഷകൾ ഉണ്ടാകുമോ?
- ഉണ്ടെങ്കിൽ തന്നെ അവിടെ രക്ഷപ്പെടാൻ ഞാനെന്ത് ചെയ്യണം?
- ഈ ഭൂമിയിൽ ഞാൻ എങ്ങിനെ ജീവിച്ചാലാണ് എനിക്ക് പരലോകത്ത് മോക്ഷം (rest in peace) കിട്ടുക?

ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകാനാണ് പ്രവാചകന്മാർ വേദഗ്രന്ഥങ്ങളുമായി കടന്നുവന്നത്.

താനാരാണെന്നും തന്നെ സൃഷ്ടിച്ച സ്രഷ്ടാവാരാണെന്നും, ജീവിത ലക്ഷ്യമെന്തെന്നും, മരണ ശേഷം എന്ത് സംഭവിക്കുമെന്നും വ്യക്തമായി പറയാൻ ദൈവീക വേദ ഗ്രന്ഥങ്ങൾക്ക് മാത്രമേ സാധിക്കുകയുള്ളൂ.

എങ്കിൽ ദൈവീകമായ ഒരു വേദഗ്രന്ഥം ഇവിടെയുണ്ടോ എന്ന് അന്വേഷിച്ച് കണ്ടെത്തേണ്ടത് നമ്മുടെ ബാധ്യതയല്ലേ?!

ഈ ലോകത്തെ ജീവിതം മെച്ചപ്പെടാൻ ബിസിനസായും ജോലിയായും ഏറ്റവും നല്ല മാർഗ്ഗങ്ങൾ അന്വേഷിച്ച് കണ്ടെത്തുന്ന മനുഷ്യൻ, ഒരിക്കലും അവസാനിക്കാത്ത പരലോക ജീവിതത്തെ അവഗണിക്കുന്നതെന്തുകൊണ്ടാണ്?!

ഈ വിഷയത്തിൽ ഇസ്‌ലാമിന്റെ കാഴ്ചപ്പാടെന്താണെന്ന് ആർക്കും മനസ്സിലാവുന്ന രീതിയിൽ വളരെ ലളിതമായി, ചുരുങ്ങിയ രൂപത്തിൽ ഇവിടെ കുറിച്ചിരിക്കുകയാണ്.

ഇസ്‌ലാം, പ്രപഞ്ച നാഥനായ അല്ലാഹു, പ്രവാചകൻ മുഹമ്മദ് നബി (സ്വ), പരലോകം, ജീവിതലക്ഷ്യം, ദൈവീക വേദഗ്രന്ഥമായ ക്വുർആൻ തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ഒരു സംക്ഷിപ്ത വിവരണം ഈ പുസ്തകം വായിക്കുന്നവർക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സ്വഭാവികമായും കൂടുതൽ വിശദമായ വായനയും, പഠനവും ആവശ്യമായ മേഖലയാണ് ഇതെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഈ പുസ്തകത്തിന്റെ കുറേ അധികം ഭാഗങ്ങൾ എഴുതി തയ്യാറാക്കിയത്, പ്രിയപ്പെട്ട സഹോദരൻ സജ്ജാദ് ബിൻ അബ്ദുറസ്സാഖാണ്. ഈ പുസ്തകത്തിന്റെ പൂർത്തീകരണത്തിന് വിവിധ മേഖലയിൽ സഹായിച്ച മുഴുവൻ ആളുകൾക്കും അല്ലാഹു പ്രതിഫലം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

തെറ്റുകൾ മനുഷ്യസഹജമാണല്ലോ, എന്തെങ്കിലും ശ്രദ്ധയിൽ പെട്ടാൽ ഞങ്ങളെ അറിയിക്കണമെന്ന് ഉണർത്തുന്നു.

താൻ മനസ്സിലാക്കിയ സത്യം മറ്റുള്ളവർക്ക് കൂടി എത്തിച്ച് നൽകുക എന്ന പ്രവാചക കൽപ്പന ഉൾക്കൊണ്ട് അല്ലാഹുവിന്റെ മഹത്തായ പ്രതിഫലം മാത്രമാണ് ഈ ലഘു പുസ്തകം തയ്യാറാക്കാൻ ഞങ്ങൾക്ക് പ്രചോദനമായിട്ടുള്ളത്.

*അല്ലാഹുവേ ഞങ്ങളിൽ നിന്നും സ്വീകരിക്കണമേ*

(ആമീൻ)

*സർവ്വലോക രക്ഷിതാവായ അല്ലാഹുവിനാകുന്നു സർവ്വ സ്തുതികളും.*

ജമാൽ ആറ്റിങ്ങൽ.

22.09.2024

## അദ്ധ്യായം 1 ദൈവമുണ്ടോ?

### നാം വസിക്കുന്ന ഭൂമി!

സെക്കന്റിൽ 29.78 കിലോമീറ്റർ വേഗത്തിൽ സൂര്യന് ചുറ്റും സഞ്ചരിച്ചുകൊണ്ടിരിക്കുന്നു.

സൂര്യനും ചന്ദ്രനും തുടങ്ങി ഗ്രഹങ്ങളും ഉപഗ്രഹങ്ങളുമെല്ലാം അവയുടെ ഭ്രമണപഥത്തിൽ കൃത്യമായി ചലിച്ചുകൊണ്ടിരിക്കുന്നു.

100 ബില്യണിലധികം നക്ഷത്രങ്ങൾ ഭൂമി ഉൾകൊള്ളുന്ന മിൽക്കിവേ ഗാലക്സിയിൽ ഉണ്ടെന്ന് പറയപ്പെടുന്നു. 200 ബില്യണിലധികം ഗാലക്സികൾ ഉണ്ടെന്ന് പഠനം.

**ആരാണ് ഇവയെ സംവിധാനിച്ചത്?!**

**ആരാണ് ഇതിന്റെ നിയന്ത്രണം ഏറ്റെടുത്തിട്ടുള്ളത്?!**

ഒരു സ്രഷ്ടാവില്ല എന്നാണോ താങ്കളുടെ ഉത്തരം?!

**എങ്കിൽ...**

ഈ വായനക്കിടയിൽ കണ്ണുയർത്തി ചുറ്റിലേക്കും ഒന്ന് നോക്കൂ.

എത്ര സുന്ദരമാണീ ഭൂമി. 23.5 ഡിഗ്രി ചെരിഞ്ഞ് ഭ്രമണം നടത്തുന്ന ഭൂമിയിലെ ഓരോ കാഴ്ച്ചയും, ഓരോ ജീവിയും എന്തുമാത്രം അത്ഭുതമാണ്.

ഏകദേശം 12 തേനീച്ചകൾ അവരുടെ ആയുഷ്കാലം മുഴുവൻ പണിയെടുത്താണ് ഒരു ടീസ്പൂൺ തേൻ ശേഖരിക്കുന്നത്.

**താങ്കളുടെ ശരീരത്തെ കുറിച്ചൊന്ന് ചിന്തിച്ചു നോക്കൂ!**

- പിതാവിൽ നിന്നും മാതാവിന്റെ ഗർഭപാത്രത്തിലേക്ക് കുതിച്ച 200 ലക്ഷം ബീജങ്ങളിൽ ഒന്നായിരുന്നില്ലേ താങ്കൾ?!
- മിനുട്ടിൽ ശരാശരി 70 തവണ, ദിവസം 1 ലക്ഷം തവണ മിടിക്കുന്ന ഹൃദയവുമായാണ് താങ്കൾ ജീവിക്കുന്നത്. ഭ്രൂണ വളർച്ചയുടെ

നാലാമത്തെ ആഴ്ച്ച മുതൽ ആ ഹൃദയം മിടിച്ചുകൊണ്ടിരിക്കുന്നു. ശരീരത്തിലെ 75 ലക്ഷം കോടി കോശങ്ങളിലേക്കും ഹൃദയം രക്തം പമ്പ് ചെയ്തുകൊണ്ടിരിക്കുന്നു.

- 20 കോടി പ്രവർത്തന ഭാഗങ്ങൾ ചേർന്നാണ് കണ്ണുകൾ നിർമ്മിച്ചിട്ടുള്ളത്. ഒരു കോടി വർണങ്ങൾ തിരിച്ചറിയാൻ കണ്ണുകൾക്ക് സാധിക്കും. ആധുനിക ക്യാമറകളെ വെല്ലുന്ന സാങ്കേതിക ഘടന!
- 180 ലിറ്റർ രക്തം പ്രതിദിനം വൃക്ക ശുദ്ധീകരിക്കുന്നു.
- രണ്ട് കോടിയോളം വിവരങ്ങൾ ശേഖരിക്കാനും സൃഷ്ടിക്കാനും കഴിയുന്ന ജൈവലോകത്തെ ഏറ്റവും സങ്കീർണ്ണമായ ഭാഗമാണ് താങ്കളുടെ ബ്രെയ്ൻ. ഒരു മസ്തിഷ്ക സെല്ലിൽ എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയുടെ 5 ഇരട്ടി വിവരങ്ങൾ ശേഖരിക്കാം. തലച്ചോറിന്റെ നിർദ്ദേശങ്ങൾ 170 മൈൽ വേഗത്തിൽ നാഡികോശങ്ങളിലൂടെ കുതിക്കുന്നു. 1 സെക്കൻറിൽ 1 ലക്ഷം സന്ദേശങ്ങൾ!

എണ്ണിയാൽ തീരില്ല നമ്മുടെ ശരീരത്തിലെ അത്ഭുതങ്ങൾ.

**''ദൃഢവിശ്വാസമുള്ളവർക്ക് ഭൂമിയിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിങ്ങളിൽ തന്നെയും (പല ദൃഷ്ടാന്തങ്ങളുണ്ട്.) എന്നിട്ട് നിങ്ങൾ കണ്ടറിയുന്നില്ലെ?''** (ക്വുർആൻ 51:20,21)

**ഒരു സ്രഷ്ടാവില്ലാതെ ഇതെല്ലാം സാധ്യമാകും എന്ന് താങ്കൾ കരുതുന്നുണ്ടോ?**

**''അതല്ല, യാതൊരു വസ്തുവിൽ നിന്നുമല്ലാതെ അവർ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണോ? അതല്ല, അവർ തന്നെയാണോ സ്രഷ്ടാക്കൾ?''** (ക്വുർആൻ 52:35)

**ചിന്തിച്ച് നോക്കൂ,**

താങ്കളുടെ കയ്യിലുള്ള ഈ പുസ്തകം. ഇതിന് ഒരു എഴുത്തുകാരൻ ഉണ്ടെന്ന് നിങ്ങൾ വിശ്വസിക്കുന്നില്ലേ? താങ്കൾ അദ്ദേഹത്തെ കണ്ടിട്ടുണ്ടോ? ഇല്ല. എന്നിട്ടും താങ്കൾ ഈ പുസ്തകം ഒരാൾ എഴുതിയതാണെന്ന് വിശ്വസിക്കുന്നു.

അതിനുള്ള തെളിവെന്ത്? ഈ പുസ്തകം തന്നെ.

എങ്കിൽ ഈ കാണുന്ന ആകാശവും ഭൂമിയും നക്ഷത്രങ്ങളും സകല ചരാചരങ്ങളും ഒരു സ്രഷ്ടാവുണ്ട് എന്നതിനുള്ള തെളിവല്ലേ?!

**''അവനത്രെ രാത്രി, പകൽ, സൂര്യൻ, ചന്ദ്രൻ എന്നിവയെ സൃഷ്ടിച്ചത്. ഓരോന്നും ഓരോ ഭ്രമണപഥത്തിലൂടെ നീന്തി**

**(സഞ്ചരിച്ചു) ക്കൊണ്ടിരിക്കുന്നു.''** (ക്വുർആൻ 21:33)

ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച് പരിപാലിക്കുന്നതിനു പിന്നിൽ ഒരു സംവിധായകനുണ്ടോ എന്ന വിഷയത്തിൽ ചിലർ സംശയം പ്രകടിപ്പിക്കുന്നതായി കാണാം. വാസ്തവത്തിൽ ദൈവവിശ്വാസം എന്നത് കേവലം അന്ധമായ ഒരു വിശ്വാസമല്ല, മറിച്ച് കൃത്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ നമുക്ക് സ്ഥാപിക്കാനും ബോധ്യപ്പെടുത്താനും സാധിക്കുന്ന ഒരു യാഥാർത്ഥ്യമാണ്.

സ്രഷ്ടാവ് ഉണ്ട് എന്നത് മനുഷ്യപ്രകൃതിയിൽ തന്നെ അന്തർലീനമായ ഒരു അറിവായിട്ടാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ആ സത്യത്തിലേക്ക് പഠനങ്ങൾ വെളിച്ചം വീശുന്നുമുണ്ട്.

ദൈവവിശ്വാസത്തെകുറിച്ച് ഒന്നുംതന്നെ പഠിപ്പിച്ച് കൊടുക്കാതെ ആളൊഴിഞ്ഞ ഒരു ദ്വീപിൽ വെച്ച് ഒരു കുട്ടിയെ വളർത്തിയാൽ സ്വബോധമെത്തുമ്പോൾ ആ ദ്വീപിന് പിന്നിൽ ഒരു ശക്തിയുണ്ട് എന്ന് ആ കുട്ടി അംഗീകരിക്കും എന്നാണ് ഒക്സ്ഫോർഡ് സർവകലാശാലയിലെ പ്രയോഗാത്മക മനഃശാസ്ത്ര വിഭാഗത്തിൽ ഗവേഷണ അംഗമായ ഡോ. ഒലിവേര പെട്രോവിച്ചിനെപ്പോലെയുള്ള ആളുകളുടെ പഠനം നമ്മെ ബോധ്യപ്പെടുത്തിത്തരുന്നത്.

അല്ലാഹു വിശുദ്ധ ക്വുർആനിൽ പറയുന്നു:

**''ആകയാൽ (സത്യത്തിൽ) നേരെ നിലകൊള്ളുന്നവനായിട്ട് നിന്റെ മുഖത്തെ നീ മതത്തിലേക്ക് തിരിച്ച് നിർത്തുക. അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹുവിന്റെ സൃഷ്ടി വ്യവസ്ഥയ്ക്ക് യാതൊരു മാറ്റവുമില്ല. അതത്രെ വക്രതയില്ലാത്ത മതം. പക്ഷെ മനുഷ്യരിൽ അധിക പേരും മനസ്സിലാക്കുന്നില്ല.''** (ക്വുർആൻ 30:30)

ചുരുക്കത്തിൽ ഒരു മൊട്ടുസൂചി പോലും തനിയെ ഉണ്ടാവില്ല എന്നും അതിന്റെ പിന്നിൽ ഒരു നിർമ്മാതാവ് ഉണ്ടാവുമെന്നും സമ്മതിക്കുന്ന മനുഷ്യ ബുദ്ധിക്ക്, ഈ കാണുന്ന പ്രപഞ്ചവും കോടാനുകോടി ഗോളങ്ങളുടെ സഞ്ചാരവും, ജീവജാലങ്ങളും, രാവും പകലും, മഴയും വെയിലുമെല്ലാം തനിയെ ഉണ്ടായതാണെന്നും, അതെല്ലാം ആരുടെയും നിയന്ത്രണമില്ലാതെ തനിയെ ചലിച്ചുകൊണ്ടിരിക്കുന്നു എന്നും എങ്ങനെ പറയാൻ സാധിക്കും?

**ഈ ലോകത്തിന് ഒരു സ്രഷ്ടാവുണ്ടെന്ന് ബോധ്യപ്പെട്ടാൽ പിന്നെ നമുക്കു മുൻപിലുള്ള ചോദ്യം എങ്കിൽ ആരാണ് ആ സ്രഷ്ടാവ് എന്നാണ്?**

## അദ്ധ്യായം 2 സ്രഷ്ടാവിനെ അറിയുക

പ്രപഞ്ചത്തെയും അതിലുള്ള മുഴുവൻ വസ്തുക്കളെയും, ജീവജാലങ്ങളെയും സൃഷ്ടിച്ചു പരിപാലിച്ചു കൊണ്ടിരിക്കുന്ന, എല്ലാ സൃഷ്ടികളുടെയും അവലംബമായ ഏകദൈവത്തെയാണ് ഇസ്‌ലാം സ്രഷ്ടാവായി പരിചയപ്പെടുത്തുന്നത്. ആ സ്രഷ്ടാവിനെ അറബിയിൽ സംബോധന ചെയ്യുന്നത് അല്ലാഹുവെന്നാണ്.

**"അദ്ദേഹം (മൂസാ) പറഞ്ഞു: ഓരോ വസ്തുവിനും അതിന്റെ പ്രകൃതം നൽകുകയും, എന്നിട്ട് (അതിന്) വഴികാണിക്കുകയും ചെയ്തവനാരോ അവനത്രെ ഞങ്ങളുടെ രക്ഷിതാവ്."** (ക്വുർആൻ 20:50)

'എല്ലാതരം ആരാധനകളും യഥാർത്ഥത്തിൽ അർഹിക്കുന്നവൻ' എന്നാണ് 'അല്ലാഹു' എന്ന പദത്തിന്റെ ഭാഷാപരമായ അർത്ഥം.

അറബ് നാടുകളിൽ വസിക്കുന്ന അമുസ്‌ലിംകളും ഏകദൈവത്തെ അല്ലാഹു എന്നുതന്നെയാണ് വിളിക്കുന്നത്. ലിംഗഭേദമോ ബഹുവചന പ്രയോഗമോ ഇല്ലാത്ത നാമമാണിത്. ദൈവിക മഹത്വത്തെ പൂർണമായി വ്യക്തമാക്കുന്നതും ഇതര ഭാഷകളിലെ പ്രയോഗങ്ങളെക്കാൾ കൃത്യവുമായതിനാലാണ് അല്ലാഹു എന്നുതന്നെ ദൈവത്തെ മുസ്‌ലിംകൾ സംബോധന ചെയ്യുന്നത്. ഏകദൈവത്തെ അവന്റെ പരിശുദ്ധിക്കും മഹത്വത്തിനുമിണങ്ങുന്ന പ്രമാണങ്ങളിൽ സ്ഥിരപ്പെട്ട ഏത് നാമത്തിലും അഭിസംബോധന ചെയ്യാമെന്നതാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്.

ആരാണ് അല്ലാഹു എന്ന ചോദ്യത്തിന് വിശുദ്ധ ക്വുർആൻ നൽകുന്ന വളരെ സംക്ഷിപ്തമായ വിശദീകരണം ഇപ്രകാരമാണ്.

**"(നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു നിരാശ്രയനും, ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന്ന് തുല്യനായി ആരും ഇല്ലതാനും."** (ക്വുർആൻ 112:1–4)

## അദ്ധ്യായം 3 അല്ലാഹു ഉപരിയിലാണ്!

തൂണിലും തുരുമ്പിലും ദൈവമുണ്ടെന്ന ആശയത്തോട് ഇസ്‌ലാം യാതൊരു നിലയ്ക്കും രാജിയാകുന്നില്ല. അല്ലാഹു സർവ്വവ്യാപിയാണ് എന്ന ആശയത്തെ ഇസ്‌ലാം പ്രാമാണികമായിത്തന്നെ നേരിടുന്നുണ്ട്.

ക്വുർആനിലെ പല വചനങ്ങളിൽ നിന്നും പ്രവാചകന്റെ അധ്യാപനങ്ങളിൽ നിന്നുമെല്ലാം അല്ലാഹു തന്റെ സൃഷ്ടികളിൽ നിന്നെല്ലാം വേറിട്ട് ഏഴാനാകാശത്തിന് മുകളിലാണ് എന്നാണ് എന്ന കാര്യം മനസ്സിലാക്കാൻ കഴിയും.

**''ആകാശത്തുള്ളവൻ (ഉപരിയിലുള്ളവൻ) നിങ്ങളെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരായിരിക്കുകയാണോ? അപ്പോൾ അത് (ഭൂമി) ഇളകിമറിഞ്ഞു കൊണ്ടിരിക്കും. അതല്ല, ആകാശത്തുള്ളവൻ (ഉപരിയിലുള്ളവൻ) നിങ്ങളുടെ നേരെ ഒരു ചരൽ വർഷം അയക്കുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരായിരിക്കുകയാണോ? എന്റെ താക്കീത് എങ്ങനെയുണ്ടെന്ന് നിങ്ങൾ വഴിയെ അറിഞ്ഞു കൊള്ളും.''** (ക്വുർആൻ 67:16,17)

**''അവൻ ആകാശത്ത് (ഉപരിയിൽ) നിന്ന് ഭൂമിയിലേക്ക് കാര്യങ്ങൾ നിയന്ത്രിച്ചയക്കുന്നു. പിന്നീട് ഒരു ദിവസം കാര്യം അവങ്കലേക്ക് ഉയർന്ന് പോകുന്നു. നിങ്ങൾ കണക്കാക്കുന്ന തരത്തിലുള്ള ആയിരം വർഷമാകുന്നു അതിന്റെ അളവ്.''** (ക്വുർആൻ 32:5)

അല്ലാഹു അല്ലാത്തതെല്ലാം അല്ലാഹുവിന്റെ സൃഷ്ടികളാണ്. അല്ലാഹു തന്റെ സൃഷ്ടികളിൽ കുടികൊള്ളുകയോ, സൃഷ്ടികളിൽ അവതരിക്കുകയോ ഇല്ല.

സൃഷ്ടിയും സ്രഷ്ടാവും തമ്മിൽ ലയിച്ചു ഒന്നാകുന്ന അവസ്ഥയും (അദ്വൈതം) പരിശുദ്ധനായ അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം അസംഭവ്യമാണ്.

## അദ്ധ്യായം 4 അല്ലാഹുവിന്റെ ഏകത്വം

ശുദ്ധമായ ഏകദൈവ വിശ്വാസമാണ് ഇസ്‌ലാം മുന്നോട്ട് വെക്കുന്നത്. ബഹുദൈവ സങ്കൽപ്പത്തോടും വിശ്വാസത്തോടും ഇസ്‌ലാം വിയോജിപ്പ് രേഖപ്പെടുത്തുകയും ചെയ്യുന്നു.

**''താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു അവൻ. അവൻ പരമകാരുണികനും കരുണാനിധിയുമാകുന്നു.''** (ക്വുർആൻ 59:22)

നോക്കൂ ഒരു രാജ്യത്തിന് രണ്ട് രാജാക്കന്മാരുണ്ടായാൽ, രണ്ട് പ്രധാന മന്ത്രിമാരുണ്ടായാൽ, അതല്ലെങ്കിൽ ഒരു കുടുംബത്തിൽ രണ്ട് ഗൃഹനാഥന്മാരുണ്ടായാൽ പോലും അവിടെ പ്രശ്നങ്ങൾ

ഉടലെടുക്കുകയും രാജ്യത്തിന്റെയോ ഭവനത്തിന്റെയോ സുഗമമായ നടത്തിപ്പിന് ഭംഗം വരുകയും ചെയ്യുമെന്ന് ബുദ്ധിയുള്ള ആർക്കും മനസ്സിലാക്കാം.

എങ്കിൽ ഈ കാണപ്പെടുന്നതും അല്ലാത്തതുമായ പ്രപഞ്ചം മുഴുവൻ സൃഷ്ടിച്ചു പരിപാലിക്കുന്നത് ഒന്നിൽ കൂടുതൽ ദൈവങ്ങളാണെങ്കിൽ എന്തായിരിക്കും അവസ്ഥയെന്ന് ഊഹിക്കാവുന്നതേയുള്ളു.

ഒന്നിലധികം ദൈവങ്ങൾ ഉണ്ടെന്നു സങ്കല്പിക്കുക. ഒരു കാര്യം സംഭവിക്കാനോ അല്ലെങ്കിൽ സംഭവിക്കാതിരിക്കാനോ ആ ദൈവങ്ങൾ തമ്മിൽ യോജിപ്പുണ്ടായിരിക്കണം. എങ്കിൽ മാത്രമേ അത് സംഭവിക്കുകയോ സംഭവിക്കാതിരിക്കുകയോ ചെയ്യൂ. അങ്ങനെ വരുമ്പോൾ ഓരോ ദൈവവും സർവ്വ ശക്തൻ അല്ലെന്ന് പറയേണ്ടി വരും. അഥവാ രണ്ടുപേരും പൂർണ്ണമായ ശക്തിയില്ലാത്തവരാണെന്നു ചുരുക്കം.

**“ആകാശഭൂമികളിൽ അല്ലാഹുവല്ലാത്ത വല്ല ദൈവങ്ങളുമുണ്ടായിരുന്നുവെങ്കിൽ അത് രണ്ടും തകരാറാകുമായിരുന്നു. അപ്പോൾ സിംഹാസനത്തിന്റെ നാഥനായ അല്ലാഹു, അവർ പറഞ്ഞുണ്ടാക്കുന്നതിൽ നിന്നെല്ലാം എത്ര പരിശുദ്ധനാകുന്നു!”** (ക്വുർആൻ 21:22)

## അദ്ധ്യായം 5 എന്തുകൊണ്ട് അല്ലാഹു മാത്രം ആരാധ്യൻ?

ഈ ചോദ്യത്തിന് ക്വുർആൻ തന്നെ മനുഷ്യ ബുദ്ധിയെ തട്ടിയുണർത്തിക്കൊണ്ട് നടത്തുന്ന ധാരാളം വചനങ്ങളുണ്ട്. അവയിലൂടെ കടന്ന് പോകുമ്പോൾ തന്നെ എന്തുകൊണ്ട് അല്ലാഹു മാത്രം ആരാധ്യനാകുന്നു എന്ന ചോദ്യത്തിനുള്ള മറുപടിയാകും.

» **അല്ലാഹു മാത്രമാണ് സത്യമായിട്ടുള്ളവൻ!**

**“അതെന്തുകൊണ്ടെന്നാൽ അല്ലാഹുവാണ് സത്യമായിട്ടുള്ളവൻ. അവന്നു പുറമെ അവർ വിളിച്ചു പ്രാർത്ഥിക്കുന്നതെല്ലാം വ്യർത്ഥമാകുന്നു. അല്ലാഹു തന്നെയാകുന്നു ഉന്നതനും വലിയവനും.”** (ക്വുർആൻ 31:30)

» **അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവർ അവന്റെ സൃഷ്ടികളാണ് ആരാധിക്കപ്പെടേണ്ടവൻ സ്രഷ്ടാവ് മാത്രം.**

**“അല്ലാഹുവിന് പുറമെ നിങ്ങൾ ആരെയൊക്കെ വിളിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നുവോ അവർ യാതൊന്നും സൃഷ്ടി**

**ക്കുന്നില്ല. അവരാകട്ടെ സൃഷ്ടിക്കപ്പെടുന്നവരുമാണ്. അവർ (പ്രാർത്ഥിക്കപ്പെടുന്നവർ) മരിച്ചവരാണ്. ജീവനുള്ളവരല്ല. ഏത് സമയത്താണ് അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുക എന്ന് അവർ അറിയുന്നുമില്ല.''** (ക്വുർആൻ 16:20,21)

» **സൃഷ്ടികൾ പ്രാർത്ഥന കേൾക്കില്ല, പ്രാർത്ഥന കേൾക്കുന്നവൻ സ്രഷ്ടാവായ അല്ലാഹു മാത്രം!**

**''നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ) പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല.''** (ക്വുർആൻ 35:14)

» **യാതൊരുവിധ സഹായവും ചെയ്യാൻ കഴിയില്ല, സ്വന്തത്തിന് പോലും!**

**''അവന്ന് പുറമെ നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കുന്നവർക്കൊന്നും നിങ്ങളെ സഹായിക്കാൻ സാധിക്കുകയില്ല. സ്വദേഹങ്ങൾക്ക് തന്നെയും അവർ സഹായം ചെയ്യുകയില്ല.''** (ക്വുർആൻ 7:197)

**''അവനോടുള്ളതുമാത്രമാണ് ന്യായമായ പ്രാർത്ഥന. അവന്നു പുറമെ ആരോടെല്ലാം അവർ പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്നുവോ അവരാരും അവർക്ക് യാതൊരു ഉത്തരവും നൽകുന്നതല്ല. വെള്ളം തന്റെ വായിൽ (തനിയെ വന്നെത്താൻ വേണ്ടി തന്റെ ഇരുകൈകളും അതിന്റെ നേരെ നീട്ടിക്കാണിക്കുന്നവനെപ്പോലെ മാത്രമാകുന്നു അവർ. അത് (വെള്ളം) വായിൽ വന്നെത്തുകയില്ലല്ലോ. സത്യനിഷേധികളുടെ പ്രാർത്ഥന നഷ്ടത്തിൽ തന്നെയാകുന്നു.''** (ക്വുർആൻ 13:14)

» **ചിന്തിച്ച് നോക്കൂ, അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവർ ഈ ഭൂമിയിൽ എന്തൊന്നാണ് സൃഷ്ടിച്ചിട്ടുള്ളത്?**

**''മനുഷ്യരേ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല. അതിനായി അവരെല്ലാവരും ഒത്തുചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽ നിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർ തന്നെ.''** (ക്വുർആൻ 22:73)

» **അല്ലാഹുവിന് പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവരുടെ ഉപമ.** അല്ലാഹു പറയുന്നു:

**''അല്ലാഹുവിന് പുറമെ വല്ല രക്ഷാധികാരികളെയും സ്വീകരിച്ചവരുടെ ഉപമ എട്ടുകാലിയുടേത് പോലെയാകുന്നു. അത് ഒരു വീടുണ്ടാക്കി. വീടുകളിൽ വെച്ച് ഏറ്റവും ദുർബലമായത് എട്ടുകാലിയുടെ വീട് തന്നെ. അവർ കാര്യം മനസ്സിലാക്കിയിരുന്നുവെങ്കിൽ!''** (ക്വുർആൻ 29:41)

» **അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവർ ഒന്നും തന്നെ ഉടമപ്പെടുത്തിയിട്ടില്ല.** അല്ലാഹു പറയുന്നു:

**''അവനു പുറമെ ആരോട് നിങ്ങൾ പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈന്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല.''** (ക്വുർആൻ 35:13)

ചുരുക്കത്തിൽ നമ്മെ സൃഷ്ടിച്ചു പരിപാലിച്ചുകൊണ്ടിരിക്കുന്ന സ്രഷ്ടാവിനു മാത്രമേ നമ്മുടെ പ്രാർഥനകൾ കേൾക്കാനും, നമ്മെ സഹായിക്കാനും, നാളെ പരലോകത്തു നമ്മെ രക്ഷപ്പെടുത്താനും കഴിയൂ എങ്കിൽ, ആരാധനകൾ ആ സൃഷ്ടാവിനു പുറമെയുള്ളവക്ക് സമർപ്പിക്കുന്നതിൽ എന്ത് യുക്തിയാണുള്ളത്?

## അദ്ധ്യായം 6 എന്താണ് ഇസ്ലാം?

സമർപ്പണം, സമാധാനം എന്നെല്ലാം അർഥം വരുന്ന 'സിൽമ്' എന്ന അറബി പദത്തിൽ നിന്നാണ് ഇസ്ലാം എന്ന പദം ഉണ്ടായത്. നമ്മെ സൃഷ്ടിച്ചവനായ ദൈവത്തിന് സ്വന്തത്തെ സമർപ്പിക്കുക എന്നതാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. സർവ്വലോക സ്രഷ്ടാവിന് സ്വന്തം ജീവിതത്തെ സമർപ്പിക്കുക വഴി ഒരാൾക്ക് നേടിയെടുക്കാവുന്ന സമാധാനമാണ് ഇസ്ലാം.

ജീവിതത്തിന്റെ എല്ലാ രംഗങ്ങളും ദൈവീകമായ വിധിവിലക്കുകളനുസരിച്ച് ചിട്ടപ്പെടുത്തുകയാണ് ഇസ്ലാം എന്നതുകൊണ്ട് അർഥമാക്കുന്നത്.

## അദ്ധ്യായം 7 മുഹമ്മദ് നബി (സ്വ) യാണോ ഈ മതത്തിന്റെ സ്ഥാപകൻ?

അനശ്വരമായ പരലോക ജീവിത വിജയമെന്ന ആത്യന്തികമായ ലക്ഷ്യം പ്രാപിക്കുന്നതിനു വേണ്ടി, ഈ ലോക ജീവിതത്തിനുള്ള നമ്മുടെ സൃഷ്ടാവും ലോക പരിപാലകനുമായ അല്ലാഹുവിന്റെ മാർഗ്ഗദർശനമാണ് ഇസ്ലാം. അതിനാൽ ഭൂമിയിൽ മനുഷ്യവാസത്തിന്റെ

ആരംഭം മുതൽ തന്നെയുള്ള ദൈവിക മാർഗ്ഗദർശനവും അതു തന്നെ. മുൻ കഴിഞ്ഞു പോയ ഓരോ ജനസമൂഹങ്ങൾക്കും ഈ ദൈവിക സന്ദേശങ്ങൾ എത്തിച്ചു നൽകിയത് ദിവ്യ ബോധനം ലഭിച്ച പ്രവാചകന്മാരായിരുന്നു.

ഇങ്ങനെ മനുഷ്യരുടെ മാർഗ്ഗദർശനത്തിനായി ഒരു ലക്ഷത്തിലധികം പ്രവാചകന്മാരെ വിവിധ കാലഘട്ടങ്ങളിലായി അയച്ചതായി ഇസ്‌ലാം പഠിപ്പിക്കുന്നു.

**തീർച്ചയായും നിന്നെ നാം അയച്ചിരിക്കുന്നത് സത്യവും കൊണ്ടാണ്. ഒരു സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതുകാരനുമായിട്ട്. ഒരു താക്കീതുകാരൻ കഴിഞ്ഞുപോകാത്ത ഒരു സമുദായവുമില്ല.** (ക്വുർആൻ 35:24)

**നിനക്ക് മുമ്പ് നാം പല ദൂതൻമാരെയും അയച്ചിട്ടുണ്ട്. അവരിൽ ചിലരെപ്പറ്റി നാം നിനക്ക് വിവരിച്ചുതന്നിട്ടുണ്ട്. അവരിൽ ചിലരെപ്പറ്റി നിനക്ക് നാം വിവരിച്ചുതന്നിട്ടില്ല. യാതൊരു ദൂതന്നും അല്ലാഹുവിന്റെ അനുമതിയോട് കൂടിയല്ലാതെ ഒരു ദൃഷ്ടാന്തം കൊണ്ടു വരാനാവില്ല. എന്നാൽ അല്ലാഹുവിന്റെ കൽപന വന്നാൽ ന്യായപ്രകാരം വിധിക്കപ്പെടുന്നതാണ്. അസത്യവാദികൾ അവിടെ നഷ്ടത്തിലാവുകയും ചെയ്യും.** (ക്വുർആൻ 40:78)

ആ പ്രവാചക പരമ്പരയിലെ അവസാനത്തെ കണ്ണിയാണ് മുഹമ്മദ് നബി (സ).

## അദ്ധ്യായം 8 മുസ്‌ലിമെന്നാൽ...!

അക്ഷരത്തിലും അർഥത്തിലും സ്വന്തം ജീവിതത്തെ ലോകരക്ഷിതാവായ അല്ലാഹുവിന് സമർപ്പിച്ചവനാണ് (കീഴൊതുങ്ങിയവനാണ്) മുസ്‌ലിം. ദൈവീക വിധിവിലക്കുകൾക്കനുസരിച്ച് സ്വന്തം ജീവിതത്തെ ചിട്ടപ്പെടുത്തുന്നവനാണ് യഥാർത്ഥ മുസ്‌ലിം. അതുകൊണ്ടുതന്നെ ജീവിതത്തിന്റെ ഏത് മേഖലകളിലും സ്രഷ്ടാവിന്റെ നിർദ്ദേശങ്ങൾ പാലിക്കുന്ന കാര്യത്തിൽ യാതൊരു വിട്ടുവീഴ്ച്ചയും കാണിക്കാത്തവനായിരിക്കും ഒരു ശരിയായ മുസ്‌ലിം.

ഒരാൾ തന്റെ ഹൃദയത്തിൽ കുടിയിരുത്തിയ ശരിയായ ഏകദൈവ വിശ്വാസത്തിന്റെയും ആ വിശ്വാസം മുന്നിൽ വെച്ചുകൊണ്ടുള്ള കർമ്മത്തിന്റെയും അടിസ്ഥാനത്തിലാണ് ഒരാളെ മുസ്‌ലിം എന്ന് വിശേഷിപ്പിക്കുന്നത്.

## അദ്ധ്യായം 9 ഇസ്‌ലാം: മനുഷ്യപ്രകൃതിയുടെ മതം, പ്രപഞ്ചത്തിന്റെയും!

സമർപ്പണം എന്ന് അർഥം വരുന്ന സിൽമ് എന്ന പ്രയോഗത്തിൽ നിന്നാണ് ഇസ്‌ലാം എന്ന പദം ഉണ്ടായതെന്ന് നാം സൂചിപ്പിച്ചുവല്ലോ. ലോകരക്ഷിതാവായ അല്ലാഹുവിനുള്ള സമ്പൂർണമായ സമർപ്പണം, അതാണ് ഇസ്‌ലാം. അങ്ങനെയെങ്കിൽ ഈ പ്രപഞ്ചത്തിലുള്ള വസ്തുക്കളെല്ലാം മുസ്‌ലിമാണ് എന്ന് നമുക്ക് പറയാനാകും, കാരണം അവയെല്ലാം ചലിക്കുന്നതും സഞ്ചരിക്കുന്നതും ദൈവീക നിർദ്ദേശങ്ങൾക്കനുസരിച്ചാണ്.

അല്ലാഹു പറയുന്നത് നോക്കൂ:

**‘‘അപ്പോൾ അല്ലാഹുവിന്റെ മതമല്ലാത്ത മറ്റു വല്ല മതവുമാണോ അവർ ആഗ്രഹിക്കുന്നത്? (വാസ്തവത്തിൽ) ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം അനുസരണയോടെയോ നിർബന്ധിതമായോ അവന്ന് കീഴ്പെട്ടിരിക്കുകയാണ്. അവനിലേക്ക് തന്നെയാണ് അവർ മടക്കപ്പെടുന്നതും.’’** (ക്വുർആൻ 3:83)

മനുഷ്യനെ അല്ലാഹു ഏതൊരു പ്രകൃതിയിലാണോ സൃഷ്ടിച്ചിരിക്കുന്നത്, ആ പ്രകൃതിയുടെ മതമത്രെ ഇസ്‌ലാം. അല്ലാഹു പറയുന്നു:

**‘‘ആകയാൽ (സത്യത്തിൽ) നേരെ നിലകൊള്ളുന്നവനായിട്ട് നിന്റെ മുഖത്തെ നീ മതത്തിലേക്ക് തിരിച്ച് നിർത്തുക. അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹുവിന്റെ സൃഷ്ടി വ്യവസ്ഥയ്ക്ക് യാതൊരു മാറ്റവുമില്ല. അതത്രെ വക്രതയില്ലാത്ത മതം. പക്ഷെ മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല.’’** (ക്വുർആൻ 30:30)

## അദ്ധ്യായം 10 ഇസ്‌ലാം സമഗ്രം സമ്പൂർണ്ണം

ചില മതങ്ങൾ അല്ലെങ്കിൽ ദർശനങ്ങൾ വിശ്വാസ മേഖലയിൽ മാത്രം ഒതുങ്ങുകയും സാമൂഹിക, സാംസ്കാരിക രംഗത്തെ സംബന്ധിച്ച് ചർച്ച ചെയ്യാതിരിക്കുകയും ചെയ്യുന്നത് നമുക്ക് കാണാൻ സാധിക്കും. വേറെ ചില മതങ്ങൾ അല്ലെങ്കിൽ ദർശനങ്ങൾ സാമൂഹികമേഖലയെ മാത്രം പരിഗണിക്കുകയും വിശ്വാസ മേഖലയെ തള്ളുകയും ചെയ്യുന്നു.

ഭൗതിക ജീവിതത്തിൽ നിന്ന് പൂർണ്ണമായി വിട്ടുനിന്ന് സന്യാസ ജീവിതം നയിക്കാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. സമൂഹത്തിൽ ഇടകലർന്ന് ജീവിക്കാനാണ് ഇസ്‌ലാം കല്പിക്കുന്നത്.

പരലോക മോക്ഷം ലക്ഷ്യമാക്കി ആരാധനകൾ ചെയ്ത്, ആത്മീയ ജീവിതം നയിക്കാൻ മാത്രം ചില മതങ്ങൾ പഠിപ്പിക്കുമ്പോൾ ഭൗതികമായ ഇടപെടലുകളിലൂടെയും അത് സാധ്യമാകുന്നു എന്നതാണ് ഇസ്‌ലാമിന്റെ കാഴ്ച്ചപ്പാട്.

ഉദാഹരണം: വഴിയിൽ നിന്ന് തടസ്സം നീക്കൽ പുണ്യമാണ് എന്ന് ഇസ്‌ലാം പഠിപ്പിക്കുമ്പോൾ തടസ്സം നീക്കുകവഴി അവൻ സമൂഹത്തോടുള്ള ബാധ്യത നിർവ്വഹിച്ചു എന്ന രീതിയിൽ പരലോകത്ത് അവനത് ഒരു നന്മയായി രേഖപ്പെടുത്തുകയും ചെയ്യുന്നു എന്നുകൂടി ഇസ്‌ലാം പഠിപ്പിക്കുന്നു.

ഒരു മനുഷ്യന്റെ ജനനം മുതൽ മരണം വരെയുള്ള കാര്യങ്ങളെക്കുറിച്ചും, ഈ ലോകത്തിന് ശേഷമുള്ള പരലോക ജീവിതത്തെ സംബന്ധിച്ചും വളരെ വ്യക്തമായ നിർദ്ദേശങ്ങളും കാഴ്ചപ്പാടുകളും ഇസ്‌ലാമിനുണ്ട്.

ഒരു വ്യക്തി കൂടുതൽ കടപ്പെട്ടിരിക്കുന്നത് അവന്റെ സ്രഷ്ടാവായ അല്ലാഹുവിനോടും പ്രവാചകൻ മുഹമ്മദ് നബി (സ്വ) യോടുമാണ്. അതുകഴിഞ്ഞാൽ അവന് സ്വന്തം ശരീരത്തോടും, കുടുംബത്തോടും, സമൂഹത്തോടും ബാധ്യതയുണ്ട്. ഇവയെല്ലാം പൂർത്തിയാക്കുകവഴിയാണ് പരലോക മോക്ഷം സാധ്യമാകുന്നത്.

ആരാധനാലയങ്ങളിൽ മാത്രം ഒതുക്കേണ്ട ഒന്നാണ് മതമെന്ന് ചിലർ കരുതുന്നു. വാസ്തവത്തിൽ ഒരാൾ രാവിലെ ഉറക്കിൽ നിന്നും എണീറ്റതു മുതൽ അവൻ തന്റെ കിടക്കയിലേക്ക് തല ചായ്ക്കുന്നത് വരെയുള്ള അവന്റെ ദൈനംദിന ജീവിതത്തിലെ ഓരോ കാര്യങ്ങളും പഠിപ്പിക്കപ്പെട്ടിരിക്കുന്നത് സ്രഷ്ടാവിന്റെ നിർദ്ദേശ പ്രകാരമാണ്.

പഠനം, ജോലി, കച്ച്വവടം, കുടുംബം, വിവാഹം, ധനസമ്പാദനം, ധന വിനിയോഗം, സമൂഹം, രാഷ്ട്രം, രാഷ്ട്രീയം, തുടങ്ങിയ ഭൗതിക കാര്യങ്ങളിലും, മത വിജ്ഞാനം, ആരാധന, തുടങ്ങിയ ആത്മീയ കാര്യങ്ങളിലും ഇസ്‌ലാമിന് വ്യക്തവും ശക്തവും കാലാതീ തവുമായ നിയമങ്ങളുണ്ട്.

വിസർജന മര്യാദകൾ, ശുദ്ധീകരണ മര്യാദകൾ, വാഹനം ഓടിക്കുന്നതിലെ മര്യാദകൾ, വഴിയിലെ മര്യാദകൾ, നടത്തത്തിലെ മര്യാദകൾ, വസ്ത്ര മര്യാദകൾ, ആതിഥ്യ മര്യാദകൾ, ആതിഥേയനോടുള്ള മര്യാദകൾ, കിടപ്പറ മര്യാദകൾ, ലൈംഗിക മര്യാദകൾ, തുടങ്ങി നഖം മുറിക്കുന്നതിലും, ശരീരത്തിലെ രോമങ്ങൾ നീക്കുന്നതിൽ പോലും കൃത്യമായ നിർദ്ദേശങ്ങൾ ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്.

സ്രഷ്ടാവിനോടുള്ള കടമകളും റസൂലിനോടുള്ള കടമകളും കഴിഞ്ഞാൽ, മാതാപിതാക്കളോട്, മക്കളോട്, ഭർത്താവിനോട്, ഭാര്യയോട്, രക്തബന്ധത്തിലുള്ളവരോട്, കുടുംബക്കാരോട്, ഗുരുക്കന്മാരോട്, സുഹൃത്തുക്കളോട്, സഹപ്രവർത്തകരോട്, തൊഴിൽ ദാതാവിനോട്, അയൽവാസികളോട്, ദരിദ്രരോട്, ഭരണാധികാരിയോട്, ഭരണീയരോട്, നിയമ പാലകരോട്, നിയമപാലകരും ന്യായാധിപരും പൊതു ജനങ്ങളോട് പാലിക്കേണ്ട കടമകൾ, എന്നുവേണ്ട, മൃഗങ്ങളോട്, വൃക്ഷങ്ങളോട്, പ്രകൃതിയോട്, ജലാശയങ്ങളോടുള്ള കടമകൾ വരെ ഇസ്‌ലാം സമഗ്രമായി പഠിപ്പിക്കുന്നുണ്ട്. എത്ര കൃത്യവും വ്യക്തവുമായ ഒരു ദർശനമാണ് ഇസ്‌ലാം എന്ന് നോക്കൂ...

ആത്യന്തികമായി നന്മയും തിന്മയും ഏതൊക്കെയെന്ന് വ്യവച്ഛേദിച്ചു നൽകുവാൻ നമ്മെ സൃഷ്ടിച്ച സൃഷ്ടാവിനു മാത്രമേ സാധിക്കൂ. ഒരു വ്യക്തിക്ക് നന്മയെന്ന് തോന്നുന്നത് മറ്റൊരു വ്യക്തിക്ക് തിന്മയായി തോന്നാം. ഒരു ദേശത്തു നന്മയായ ഒരാചാരം മറ്റൊരു ദേശത്തു തിന്മയാവാം. ഇസ്‌ലാമിൽ നന്മയായി രേഖപ്പെടുത്തിയ കാര്യങ്ങൾ തിന്മയാണെന്നോ, മനുഷ്യന് ഹാനികരമാണെന്നോ പറയാൻ ആർക്കും തന്നെ സാധ്യമല്ല. ഇസ്‌ലാമിൽ തിന്മയായി രേഖപ്പെടുത്തിയ കാര്യങ്ങൾ മനുഷ്യനോ ലോകത്തിനോ നന്മയോ ഗുണകരമോ ആണെന്ന് സ്ഥാപിക്കാനും ഒരാൾക്കും സാധ്യമല്ല.

മനുഷ്യൻ ഇടപടുന്ന നിഖില മേഖലകളിലും ഈ രൂപത്തിൽ നിയമ നിർദ്ദേശങ്ങളുള്ള മറ്റൊരു മതത്തെയോ ആദർശത്തെയോ കാണുവാൻ സാധ്യമല്ല എന്നത് ഇസ്‌ലാമിന്റെ വ്യതിരിക്തതക്കുള്ള ഏറ്റവും വലിയ ഉദാഹരണമാണ്.

## അദ്ധ്യായം 11 പ്രവാചകന്മാർ

സത്യസന്മാർഗത്തിൽ നിന്നും മനുഷ്യസമൂഹം കാലക്രമേണ വ്യതിചലിച്ചപ്പോൾ അവരെ ദൈവീക മാർഗദർശനത്തിലേക്ക് തന്നെ തിരിച്ച് വിളിക്കാൻ നിയോഗിതരായ ദൈവദൂതന്മാരാണ് പ്രവാചകന്മാർ, ലോകരക്ഷിതാവായ അല്ലാഹുവിൽ നിന്നുള്ള സത്യസന്ദേശത്തിന്റെ പ്രചാരകർ കൂടിയാണവർ.

അല്ലാഹു തന്റെ അടിമകൾക്ക് സ്വർഗത്തെക്കുറിച്ച് സന്തോഷവാർത്തയറിയിക്കുന്നതിനും നരകത്തെക്കുറിച്ച് താക്കീത് നൽകുന്നതിനും, മതത്തിന്റെ നിയമനിർദേശങ്ങൾ വിവരിക്കുന്നതിനും അനുഷ്ഠാന കാര്യങ്ങൾ മാതൃകാപരമായി കാണിച്ചുകൊടുക്കുന്നതിനും പഠിപ്പിക്കുന്നതിനും വേണ്ടി ആവശ്യാനുസരണം വിവിധ കാലഘട്ടങ്ങളിൽ നിയോഗിച്ചയച്ചവരാണ് പ്രവാചകന്മാർ.

വിശുദ്ധ ക്വുർആൻ പറയുന്നു:

**''മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. അനന്തരം (അവർ ഭിന്നിച്ചപ്പോൾ വിശ്വാസികൾക്ക്) സന്തോഷവാർത്ത അറിയിക്കുവാനും, (നിഷേധികൾക്ക്) താക്കീത് നൽകുവാനുമായി അല്ലാഹു പ്രവാചകൻമാരെ നിയോഗിച്ചു. അവർ (ജനങ്ങൾ) ഭിന്നിച്ച വിഷയത്തിൽ തീർപ്പുകൽപിക്കുവാനായി അവരുടെ കൂടെ സത്യവേദവും അവൻ അയച്ചുകൊടുത്തു. എന്നാൽ വേദം നൽകപ്പെട്ടവർ തന്നെ വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിനു ശേഷം അതിൽ (വേദവിഷയത്തിൽ) ഭിന്നിച്ചിട്ടുള്ളത് അവർ തമ്മിലുള്ള മാത്സര്യം മൂലമല്ലാതെ മറ്റൊന്നുകൊണ്ടുമല്ല. എന്നാൽ ഏതൊരു സത്യത്തിൽ നിന്ന് അവർ ഭിന്നിച്ചകന്നുവോ ആ സത്യത്തിലേക്ക് അല്ലാഹു തന്റെ താൽപര്യപ്രകാരം സത്യവി ശ്വാസികൾക്ക് വഴി കാണിച്ചു. താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹു ശരിയായ പാതയിലേക്ക് നയിക്കുന്നു.''** (ക്വുർആൻ 2:213)

അല്ലാഹുവിൽനിന്ന് കിട്ടിയ ദിവ്യബോധനത്തിന്റെ അടിസ്ഥാനത്തിൽ സമൂഹത്തിലേക്ക് ഇറങ്ങിച്ചെന്ന പ്രവാചകന്മാരഖിലവും നടത്തിയ ഉദ്ബോധനത്തിന്റെ കാതൽ 'ലാ ഇലാഹ ഇല്ലല്ലാഹ്' (അരാധനക്കർഹനായി അല്ലാഹു അല്ലാതെ മറ്റാരും തന്നെയില്ല) എന്നതായിരുന്നു.

**''ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല...''** (ക്വുർആൻ 21:25)

**''തീർച്ചയായും നിന്നെ നാം അയച്ചിരിക്കുന്നത് സത്യവും കൊണ്ടാണ്. ഒരു സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതുകാരനുമായിട്ട്. ഒരു താക്കീതുകാരൻ കഴിഞ്ഞു പോകാത്ത ഒരു സമുദായവുമില്ല''** (ക്വുർആൻ 35:24)

എന്നാൽ മിക്ക പ്രബോധിത സമൂഹവും പ്രവാചകന്മാരെ നിഷേധിക്കുകയും പരിഹസിക്കുകയും ഉപദ്രവിക്കുകയും ചെയ്യാനാണ് ശ്രമിച്ചത്! കുഴപ്പമുണ്ടാക്കുവാൻ വന്ന ശത്രുവായിട്ടാണ് അവർ പ്രവാചകന്മാരെ കണ്ടത്. എക്കാലത്തും അൽപം ചിലർ മാത്രമാണ് പ്രവാചകന്മാരുടെ അനുയായികളായി മാറിയിട്ടുള്ളത്. അവർക്ക് ഹവാരിയ്യൂൻ (സഹായികൾ) അല്ലങ്കിൽ അസ്ഹാബ് (അനുചരന്മാർ) എന്ന് പറയുന്നു.

ജാബിർ (റ) വിൽനിന്ന് നിവേദനം. നബി (സ്വ) പറഞ്ഞു: 'നിശ്ചയം, എല്ലാ നബിമാർക്കും സഹായികളുണ്ട്' (ബുഖാരി).

അല്ലാഹുവിനെ ഭയപ്പെട്ട്, അവന്റെ ദീനിനെ കഴിയുംവിധം പ്രബോധനം ചെയ്ത് മാതൃകാപൂർണരായി ജീവിച്ച പ്രവാചകന്മാരഖിലവും അവരുടെ പ്രബോധനത്തിൽ അടിസ്ഥാനമാക്കിയ ചില തത്ത്വങ്ങളുണ്ട്, അതിൽ ഏറ്റവും പ്രധാനം ഏകദൈവാരാധനയിലേക്കുള്ള ക്ഷണമാണ്, അഥവാ തൗഹീദിലേക്കുള്ള ക്ഷണം.

**''തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി)...''** (ക്വുർആൻ 16:36)

അല്ലാഹുവിനു പുറമെ ഒന്നിനെയും ആരാധിക്കരുത് എന്നത് കർശനായ നിർദേശമാണ്. ഏവർക്കും അത് ബാധകമാണ്. സ്വർഗം പ്രവേശനം തടയുന്ന, നരകപ്രവേശനം ഉറപ്പാക്കുന്ന മഹാപാപമാണ് അല്ലാഹുവിൽ പങ്ക് ചേർക്കുക എന്നത്.

**''ലുഖ്മാൻ തന്റെ മകന് സദുപദേശം നൽകികൊണ്ടിരിക്കെ അവനോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എന്റെ കുഞ്ഞുമകനേ, നീ അല്ലാഹുവോട് പങ്കുചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു.''** (ക്വുർആൻ 31:13)

**''അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല.''** (ക്വുർആൻ 5:72)

## അദ്ധ്യായം 12 അറിയുക; കാരുണ്യത്തിന്റെ തിരുദൂതരെ

ദൈവീക മാർഗദർശനത്തിൽ നിന്ന് വ്യതിചലിച്ചുപോയവരെ സത്യത്തിന്റെ സന്മാർഗത്തിലേക്ക് തന്നെ തിരിച്ച് വിളിക്കുവാൻ വേണ്ടിയാണ് പ്രവാചകന്മാർ കടന്നുവന്നത്.

ഈ പ്രവാചക ശൃംഖലയിലെ അവസാനത്തെ കണ്ണിയാണ് മഹാനായ പ്രവാചകൻ മുഹമ്മദ് നബി (സ്വ).

സത്യമത പ്രബോധനമെന്ന മഹത്തായ ലക്ഷ്യത്തിന്റെ നിർവഹണത്തിന് വേണ്ടി ഇനിയൊരു പ്രവാചകൻ ഭൂമുഖത്തേക്ക് കടന്നുവരാനില്ല, അത് അന്ത്യപ്രവാചകൻ മുഹമ്മദ് നബി (സ്വ) യിലൂടെ അവസാനിച്ചു എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

അല്ലാഹു പറയുന്നു:

**"മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ഒരാളുടെയും പിതാവായിട്ടില്ല, പക്ഷെ അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകൻമാരിൽ അവസാനത്തെ ആളുമാകുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു."** (ക്വുർആൻ 33:40)

**"...(നബിയേ), നീ ഒരു മുന്നറിയിപ്പുകാരൻ മാത്രമാകുന്നു. എല്ലാ ജനവിഭാഗത്തിനുമുണ്ട് ഒരു മാർഗദർശി."** (ക്വുർആൻ 13:7)

മുഹമ്മദ് നബി (സ) ക്ക് മുൻപ് ലോകത്തേക്ക് കടന്നുവന്ന സർവ്വ പ്രവാചകന്മാരും ചില പ്രത്യേകമായ കാലഘട്ടങ്ങളിലേക്കും സമൂഹങ്ങളിലേക്കും മാത്രമായിരുന്നു. മുഹമ്മദ് നബി (സ) അന്തിമ പ്രവാചകനായതുകൊണ്ടും, ഇനി ഒരു പ്രാവാചകൻ ലോകത്തേക്ക് കടന്നുവരാനില്ല എന്നതിനാലും വിശ്വാചാര്യനായ പ്രവാചകൻ മുഹമ്മദ് നബി (സ) ലോകത്തുള്ള സർവ്വ മനുഷ്യരിലേക്കും കൂടിയായി കടന്നുവന്ന പ്രവാചകനാണ്.

**"നബിയേ, തീർച്ചയായും നിന്നെ നാം ഒരു സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും, താക്കീതുകാരനും ആയിക്കൊണ്ട് നിയോഗിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് അവങ്കലേക്ക് ക്ഷണിക്കുന്നവനും പ്രകാശം നൽകുന്ന ഒരു വിളക്കും ആയിക്കൊണ്ട്."** (ക്വുർആൻ 33:45,46)

ഒരു അറേബ്യൻ പരിഷ്കർത്താവാണ് മുഹമ്മദ് നബി (സ) എന്നും അല്ലെങ്കിൽ അദ്ദേഹം മുസ്‌ലിംങ്ങളുടെ മാത്രം പ്രവാചകനാണ് എന്നുള്ള തെറ്റിദ്ധാരണകൾ ചില ആളുകളിലെങ്കിലുമുണ്ട്. ആ ധാരണ തിരുത്തിക്കൊണ്ട് അല്ലാഹു ക്വുർആനിലൂടെ പറയുന്ന കാര്യങ്ങൾ നോക്കൂ.

**"(നബിയേ), നിന്നെ നാം മനുഷ്യരിലേക്കുള്ള ദൂതനായിട്ടാണ് നിയോഗിച്ചിരിക്കുന്നത്. (അതിന്) സാക്ഷിയായി അല്ലാഹു മതി."** (ക്വുർആൻ 4:79)

**"പറയുക: മനുഷ്യരേ, ഞാൻ നിങ്ങളിലേക്കെല്ലാവരിലേക്കുമുള്ള, ആകാശഭൂമികളുടെ അധിപനായ അല്ലാഹുവിന്റെ ദൂതനാണ്..."** (ക്വുർആൻ 7:158)

**"ലോകർക്കാകെ അനുഗ്രഹമായല്ലാതെ നിന്നെ നാം അയച്ചിട്ടില്ല."** (ക്വുർആൻ 21:107)

**"മനുഷ്യർക്കാകമാനം ശുഭവാർത്ത അറിയിക്കുന്നവനും**

**മുന്നറിയിപ്പ് നൽകുന്നവനുമായല്ലാതെ നിന്നെ നാം അയച്ചിട്ടില്ല. പക്ഷേ, ഏറെപ്പേരും അതറിയുന്നില്ല.''** (ക്വുർആൻ 34:28)

അന്തിമ ദൂതനായതുകൊണ്ട് തന്നെ ലോകാവസാനം വരെ കടന്നുവരാനുള്ള സർവ്വ ജനങ്ങളും മുഹമ്മദ് നബി (സ്വ) യിൽ വിശ്വസിക്കണം എന്നത് നിർബന്ധ ബാധ്യതയാണ്. അതാകട്ടെ പരലോക മോക്ഷത്തിന് അനിവാര്യമാണ് താനും!

**''സത്യവിശ്വാസികളേ, അല്ലാഹുവിലും, അവന്റെ ദൂതനിലും, അവന്റെ ദൂതന്ന് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും മുമ്പ് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും നിങ്ങൾ വിശ്വസിക്കുവിൻ. അല്ലാഹുവിലും, അവന്റെ മലക്കുകളിലും, അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ ദൂതൻമാരിലും, അന്ത്യദിനത്തിലും വല്ലവനും അവിശ്വസിക്കുന്ന പക്ഷം തീർച്ചയായും അവൻ ബഹുദൂരം പിഴച്ചു പോയിരിക്കുന്നു.''** (ക്വുർആൻ 4:136)

നൽപതാമത്തെ വയസ്സിലാണ് മുഹമ്മദ് നബി (സ്വ) യെ അല്ലാഹു പ്രവാചകനായി നിയോഗിക്കുന്നത്. മക്കയിൽ ജീവിച്ചു വളർന്ന മുഹമ്മദ് (സ) അവിടെയുള്ള മുഴുവൻ ആളുകൾക്കും സർവ്വസ്വീകാര്യനായിരുന്നു. സത്യസന്ധൻ എന്ന അർത്ഥം വരുന്ന അൽ അമീൻ എന്ന വിളിപ്പേരിലാണ് അദ്ദേഹം അറിയപ്പെട്ടത്. അറുപത്തിമൂന്ന് വർഷത്തെ പ്രവാചക ജീവിതം പഠിക്കുന്ന ഏതൊരു വ്യക്തിക്കും ആ ജീവിതം മാതൃകാ യോഗ്യമാണെന്ന് മനസ്സിലാക്കുവാൻ സാധിക്കും.

പ്രവാചകത്വം ലഭിച്ചത് മുതൽ തന്റെ അറുപത്തിമൂന്നാമത്തെ വയസ്സിൽ ഇഹലോക ജീവിതം അവസാനിക്കുന്നത് വരെയുള്ള 'പ്രവാചക ജീവിതത്തെ' അനുധാവനം ചെയ്ത് ജീവിക്കാനാനാണ് വിശ്വാസികൾ കൽപിക്കപ്പെട്ടിട്ടുള്ളത്.

ഏറ്റവും ഉത്തമമായ സ്വഭാവത്തിന്നുടമയാണ് പ്രവാചകൻ മുഹമ്മദ് നബി (സ്വ) എന്ന് ലോകരക്ഷിതാവായ അല്ലാഹു തന്നെ നബി (സ്വ)ക്ക് നൽകുന്ന സാക്ഷ്യപത്രമാണ്.!

**''തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു.''** (ക്വുർആൻ 68:4)

ഏറ്റവും ഉത്തമമായ സ്വഭാവമായിരുന്നു നബി (സ്വ) യുടേത് എന്നതിനാൽ തന്നെ നബിജീവിതം എവർക്കും മാതൃകയാണ് എന്ന് അല്ലാഹു തന്നെ പറയുന്നുണ്ട്.

**''സംശയമില്ല; നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ മികച്ച മാതൃകയുണ്ട്. അല്ലാഹുവിലും അന്ത്യദിനത്തിലും പ്രതീക്ഷയർപ്പിച്ചവർക്കാണിത്. അല്ലാഹുവെ ധാരാളമായി ഓർക്കു**

**ന്നവർക്കും.''** (ക്വുർആൻ 33:21)

പ്രവാചകന്മാരിൽ അന്തിമനായ മുഹമ്മദ് നബി (സ്വ) യുടെ നിയോഗം ലോകത്തിന് അനുഗ്രഹമാണെന്ന് ക്വുർആൻ അറിയിക്കുന്നു:

**''തീർച്ചയായും സത്യവിശ്വാസികളിൽ അവരിൽ നിന്ന് തന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുക വഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്ക് നൽകിയിട്ടുള്ളത്...''** (ക്വു ർആൻ 3:164)

ഫ്രഞ്ച് എഴുത്തുകാരനും, കവിയും, രാഷ്ട്രതന്ത്രജ്ഞനുമായ ലാമാർട്ടിൻ എഴുതി:

**തത്വജ്ഞാനി, പ്രസംഗകൻ, ദൈവദൂതൻ, നിയമ നിർമാതാവ്, പോരാളി, ആശയങ്ങളുടെ ജേതാവ്, അബദ്ധസങ്കൽപ്പങ്ങളിൽ നിന്ന് മുക്തമായ ആചാരവിശേഷങ്ങളുടെയും യുക്തിബന്ധുരമായ വിശ്വാസപ്രമാണങ്ങളുടെയും പുനഃസ്ഥാപകൻ, ഇരുപത് ഭൗതിക സാമ്രാജ്യങ്ങളുടെ സ്ഥാപകൻ. അതായിരുന്നു മുഹമ്മദ്! മനുഷ്യത്വത്തിന്റെ എല്ലാ മാനദണ്ഡങ്ങളും വെച്ച് പരിഗണിക്കുമ്പോൾ നാം വ്യക്തമായും ചോദിച്ചേക്കാം. മുഹമ്മദിനേക്കാൾ മഹാനായ മറ്റു വല്ല മനുഷ്യനുമുണ്ടോ?** (Historie De La turquie Vol: 2 Page: 277)

ഇസ്‌ലാമിന്റെ വളർച്ചയും വികാസവും ഭയപ്പെടുന്ന ശത്രുക്കൾ അതിനെതിരെ പല തരത്തിൽ വിമർശനങ്ങളുടെ അസ്ത്രങ്ങൾ തൊടുത്തുവിടുക സ്വാഭാവികമാണ്. അതിലെ ഒരു ഉദാഹരണം മാത്രമാണ് പ്രവാചക ജീവിതത്തെ കരിവാരിത്തേക്കുക എന്ന പ്രവർത്തനം.

നബി (സ്വ) യുടെ ജീവിതം വികലമായി ചിത്രീകരിക്കപ്പെടുന്ന ഈ സമകാലിക സാഹചര്യത്തിൽ ഇസ്‌ലാമിന്റെ ശത്രുക്കൾ പടച്ചുവിടുന്ന ഏതെങ്കിലും മാസികകളിൽ നിന്നോ, സൈറ്റുകളിൽ നിന്നോ, ഫേക്ക് ഐഡികളിൽ നിന്നോ അല്ല നബി ജീവിതത്തെ പഠിക്കേണ്ടത്. മറിച്ച് ശരിയായ ചരിത്രത്തിൽനിന്ന് പ്രവാചക ജീവിതത്തെ വായിക്കാനും പഠിക്കാനുമുള്ള ഒരു സന്മനസ്സ് നിങ്ങൾ കാണിക്കണമെന്നാണ് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

മുഹമ്മദ് നബി (സ്വ) യുടെ സമ്പൂർണ ജീവ
ചരിത്രം വായിക്കുവാൻ QR കോഡ് സ്കാൻ ചെയ്യുക

## അദ്ധ്യായം 13 വിശുദ്ധ ക്വുർആൻ

ലോക സ്രഷ്ടാവായ അല്ലാഹുവിൽ നിന്ന് മാനവരാശിക്ക് അവതരിപ്പിക്കപ്പെട്ട അവസാനത്തെ വേദഗ്രന്ഥമാണ് ക്വുർആൻ. അന്തിമ പ്രവാചകനായ മുഹമ്മദ് (സ്വ) ലൂടെയാണ് അത് ലോകം ശ്രവിച്ചത്. ഈ ലോകത്തിലെ അവസാനത്തെ മനുഷ്യൻവരെ സകലരും സ്വീകരിക്കേണ്ട ദൈവിക ഗ്രന്ഥമാണിത്.

**"അലിഫ് ലാം റാ മനുഷ്യരെ അവന്റെ രക്ഷിതാവിന്റെ അനുമതി പ്രകാരം ഇരുട്ടുകളിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുവാൻ വേണ്ടി നിനക്ക് അവതരിപ്പിച്ചു തന്നിട്ടുള്ള ഗ്രന്ഥമാണിത്. അതായത്, പ്രതാപിയും സ്തുത്യർഹനും ആയിട്ടുള്ളവന്റെ മാർഗത്തിലേക്ക്."** (ക്വുർആൻ 14:1)

ക്വുർആൻ എന്ന പദത്തിന് വായന എന്നും വായിക്കപ്പെടേണ്ടത് എന്നും വായിക്കപ്പെടുന്നത് എന്നും അർഥമുണ്ട്. വായിക്കപ്പെടുന്നരേഖ എന്ന അർഥത്തിൽ ക്വുർആനിൽ തന്നെ ഈ പദം പ്രയോഗിക്കപ്പെട്ടിട്ടുണ്ട് (ക്വുർആൻ 13:31). മുമ്പുള്ള വേദഗ്രന്ഥങ്ങളെപ്പോലെ നിയമസംഹിതയോ (തൗറാത്ത്) സങ്കീർത്തനങ്ങളോ (സബൂർ), സുവിശേഷ വർത്തമാനങ്ങളോ (ഇൻജീൽ) മാത്രമല്ല ക്വുർആൻ. അതിലെ ഓരോ പദവും അന്ത്യനാളുവരെയുള്ള കോടിക്കണക്കിന് സത്യവിശ്വാസികളാൽ ആവർത്തിച്ച് വായിക്കപ്പെ ടുകയും അവരുടെ ഹൃദയാന്തരാളങ്ങളിൽ കൊത്തിവെച്ച് സ്വജീവിതം അതനുസരിച്ച് വാർക്കപ്പെടുകയും ചെയ്യേണ്ടതുള്ളതിനാലായിരിക്കാം അന്തിമവേദം ക്വുർആൻ എന്ന് നാമകരണം ചെയ്യപ്പെട്ടത്. യഥാർഥ കാരണം അത് അവതരിപ്പിച്ച അല്ലാഹുവിനു മാത്രമേ അറിയൂ.

ഒരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം സത്യാസത്യ വിവേചനത്തിനുള്ള മാനദണ്ഡമാണ് ക്വുർആൻ. അതിൽ കൽപിച്ചതെല്ലാം നന്മയും അതിൽ നിരോധിച്ചതെല്ലാം തിന്മയുമാണെന്ന് അവൻ മനസ്സിലാക്കുന്നു. ക്വുർആൻ സ്വയം പരിചയപ്പെടുത്തുന്നത് ഫുർഖാൻ എന്നാണ് (ക്വുർആൻ 2:53, 2:185, 3:4, 25:1) സത്യാസത്യവിവേചകം എന്നർഥം.

കിതാബ് (ഗ്രന്ഥം), ദിക്ർ (ഉദ്ബോധനം), നൂർ (പ്രകാശം), ഹുദാ (സന്മാർഗം), ബുർഹാൻ (തെളിവ്), ശിഫാ (ശമനം), ഖയ്യിം (അവക്രമായത്), മുഹൈമിൻ (പൂർവവേദങ്ങളിലെ അടിസ്ഥാനാശയങ്ങളെ സംരക്ഷിക്കുന്നത്) തുടങ്ങിയ വിശേഷണങ്ങളിലൂടെയും ക്വുർആൻ സ്വയം പരിചയപ്പെടുത്തുന്നുണ്ട്.

## വിശുദ്ധ ക്വുർആൻ പരിഭാഷ / ആശയ വിവർത്തനം

പരിശുദ്ധ ക്വുർആൻ സ്രഷ്ടാവായ അല്ലാഹുവിന്റെ സംസാര മാണ്. അതൊരിക്കലും ഒരു മനുഷ്യ കരങ്ങളാൽ എഴുതപ്പെട്ടതല്ല. അക്കാരണം കൊണ്ടു തന്നെ നമ്മൾ സാധാരണ വായിക്കുന്ന പുസ്തകങ്ങൾ പോലെയുള്ള ഒരു ഘടനയല്ല ക്വുർആനിനുള്ളത്.

വാക്കുകളുടെ അർത്ഥം നേർക്കു നേരെ പരിഭാഷപ്പെടുത്തിയാൽ ക്വുർആനിന്റെ ആശയം ലഭിക്കില്ല എന്ന് മാത്രമല്ല, വിപരീത അർത്ഥമാവും ചിലപ്പോൾ ലഭിക്കുക.

ക്വുർആനിന്റെ ആശയം മനസ്സിലാക്കാൻ ക്വുർആൻ അവതരിപ്പിക്കപ്പെട്ട പ്രവാചകൻ (സ്വ) ഓരോ വചനവും തന്റെ അനുചരന്മാർക്ക് വിശദീകരിച്ചു കൊടുക്കുകയും, പ്രവർത്തിച്ചു കാണിക്കുകയും ചെയ്തു. ആ മഹത്തുക്കളായ പ്രവാചകാനുചരന്മാർ മനസിലാക്കിയതനുസരിച്ച് പ്രവാചകൻ (സ്വ) യുടെ വിശദീകരണവും, ചേർത്താണ് ഓരോ വാചകത്തിനും അർത്ഥം നൽകേണ്ടത്.

മുൻഗാമികളായ ക്വുർആൻ വ്യാഖ്യാതാക്കൾ ഈയൊരു മാർഗം പിൻപറ്റി ക്വുർആൻ വിശദീകരണ ഗ്രന്ഥങ്ങൾ എഴുതി. ഓരോ വാചകത്തിനും പേജുകൾ തന്നെ വിശദീകരണമുണ്ട്. അങ്ങിനെ എഴുതപ്പെട്ട തഫ്സീറുകളിൽ നിന്നുമെടുത്ത ആശയം സംക്ഷിപ്തമാക്കി എഴുതുന്നതിനാലാണ് നമ്മൾ ക്വുർആൻ പരിഭാഷ എന്നതിന് പകരം ക്വുർആൻ ആശയ വിവർത്തനം എന്ന് പറയാറുള്ളത്.

സത്യന്വേഷികൾ ചെയ്യേണ്ടത് അറബി ഭാഷ പഠിച്ച് തനതായ രൂപത്തിൽ ക്വുർആൻ ഗ്രഹിക്കുകയാണ്. അതിനു കഴിയാത്തവർക്ക് ക്വുർആനെപ്പറ്റി ഒരേകദേശ ജ്ഞാനം ഉണ്ടാകാൻ വേണ്ടി മാത്രമാണ് ക്വുർആൻ ഇതര ഭാഷകളിലേക്ക് ആശയ വിവർത്തനം ചെയ്യേണ്ടി വരുന്നത്. പരിശുദ്ധ ക്വുർആന്റെ അമാനുഷികത നിലനിർത്തിക്കൊണ്ടുള്ള പരിഭാഷയുണ്ടാക്കുകയെന്നുള്ളത് മനുഷ്യകഴിവിന്നതീതമാണ്. അതിന്റെ യഥാർത്ഥമായ അർത്ഥം ഗ്രഹിക്കാൻ അറബി ഭാഷയിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. അല്ലാതെ മലയാളം ക്വുർആനോ ഇംഗ്ലീഷ് ക്വുർആനോ ഉണ്ടാക്കുവാൻ ആർക്കും സാദ്ധ്യവുമല്ല.

## വിശുദ്ധ ക്വുർആൻ അവതരണ പശ്ചാത്തലവും ഘടനയും

പരിശുദ്ധ ക്വുർആൻ സാധാരണ നമുക്ക് പരിചയമുള്ള അല്ലെങ്കിൽ നമ്മൾ വായിച്ചിട്ടുള്ള പുസ്തകങ്ങൾ പോലെ ആദ്യ പേജ് മുതൽ അവസാനം വരെ ഒരു കഥ രൂപേണ ക്രോഡീകരിച്ചിട്ടുള്ള ഒരു ഗ്രന്ഥമല്ല. 40 വയസ്സിനു ശേഷമുള്ള 23 വർഷത്തെ പ്രവാചക ജീവിതത്തിൽ ഓരോ സന്ദർഭത്തിലായി മലക്ക്

ജിബ്രീൽ (അ) മുഖേന അല്ലാഹു നൽകിയ വഹ്‌യിലൂടെ (ദിവ്യ സന്ദേശത്തിലൂടെ) വിവരങ്ങളും, നിർദ്ദേശങ്ങളും, കല്പനകളും ഉൾ കൊള്ളുന്ന വേദഗ്രന്ഥമാണ് വിശുദ്ധ ക്വുർആൻ.

അവതരിപ്പിക്കപ്പെട്ട രൂപത്തിൽ ഇന്നും നിലനിൽക്കുന്ന ഏകവേദഗ്രന്ഥം ക്വുർആനാണ്. തുകൽ, കല്ല്, എല്ല് തുടങ്ങിയ വസ്തുക്കളിന്മേൽ പ്രവാചകൻ (സ്വ) യുടെ കാലത്തുതന്നെ അത് പൂർണമായി എഴുതിവെച്ചിരുന്നു. രണ്ടു ചട്ടകൾക്കുള്ളിൽ അവ അടു ക്കിവെച്ച് ക്രോഡീകരിക്കപ്പെട്ടത് ഒന്നാം ഖലീഫ അബൂബക്കറിന്റെ (റ) കാലത്താണ്. മൂന്നാം ഖലീഫ ഉസ്മാൻ (റ) അതിന്റെ കോ പികളെടുത്ത് ഇസ്‌ലാമിക രാഷ്ട്രത്തിന്റെ തലസ്ഥാനങ്ങളിലേക്കെല്ലാം എത്തിച്ചുകൊടുത്തു.

ക്വുർആൻ ലോക സ്രഷ്ടാവായ അല്ലാഹുവിന്റെ സംസാരമാണ്. അല്ലാഹുവിൽ അത് ജിബ്രീൽ (അ) കേൾക്കുകയും ജിബ്രീൽ (അ) അത് പ്രവാചകൻ മുഹമ്മദ് നബി (സ്വ) ക്ക് പാരായണം ചെയ്ത് കൊ ടുക്കുകയും ചെയ്തു. പ്രവാചകൻ അദ്ദേഹത്തിന്റെ അനുചരന്മാർക്ക് ഓതി കൊടുത്തു. ആ പാരായണം ഇന്നും ലോകത് നിലനിൽക്കുന്നു. ലോകാവസാനം വരെ അത് നിലനിൽകുകയും ചെയ്യുമെന്നത് ലോക സ്രഷ്ടാവിന്റെ വാഗ്ദാനമാണ്.

**"തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്."** (ക്വുർആൻ 15:9)

എന്തുകൊണ്ട് ക്വുർആൻ ഒരു പുസ്തകം പോലെ ആദ്യാവസാ നം വരെ ഒന്നിന് പുറകെ ഒന്നായി ക്രമത്തിൽ കാണപ്പെടുന്നില്ല എന്ന ചോദ്യത്തിന് ഒരേയൊരു ഉത്തരം ഇത് മനുഷ്യകരങ്ങളാൽ എഴുത പ്പെട്ടതല്ല എന്നത് മാത്രമാണ്.

ചെറുതും വലുതുമായ 114 സൂറത്തുകളായി (അദ്ധ്യായങ്ങൾ) 6236 ആയത്തുകൾ (വചനങ്ങൾ) ക്വുർആനിലുണ്ട്. ഓരോ ആയത്തും അവതരിച്ചത് ഓരോ സന്ദർഭത്തിന് അനുസരിച്ചാണ്. ആയത്തുകളുടെ അവതരണം ജീവിതത്തിന്റെ ലക്ഷ്യം പഠിപ്പിക്കുവാനോ, സമൂഹത്തിൽ നിലനിൽക്കുന്ന തിന്മ തിരുത്താനോ അതുമല്ലെങ്കിൽ മറ്റെന്തെങ്കിലും കാരണത്താലോ ആവാം. ഇങ്ങനെ സന്ദർഭത്തിന് അനുസരിച്ചുള്ള അവതരണം കാരണമാണ് പ്രവാചകന് അധാർമികതയിൽ ഉണ്ടായി രുന്ന ഒരു തലമുറയെ ഉത്തമ സമൂഹമായി മാറ്റുവാൻ സാധിച്ചത്.

## ക്വുർആൻ ദൈവിക ഗ്രന്ഥമാണെന്നതിന് എന്താണ് തെളിവ് ?

ഇന്നു നിലനിൽക്കുന്ന ഗ്രന്ഥങ്ങളിൽ ക്വുർആൻ മാത്രമാണ് സ്വയം

ദൈവികഗ്രന്ഥമെന്ന് അവകാശപ്പെടുന്നത്. ക്വുർആൻ സ്വയം പരിചയപ്പെടുത്തുന്നത് ഇങ്ങനെയാണ്:

**''തീർച്ചയായും ഇത് (ക്വുർആൻ) ലോകരക്ഷിതാവ് അവതരിപ്പിച്ചത് തന്നെയാകുന്നു. വിശ്വസ്താത്മാവ് (ജിബ്രീൽ) അതും കൊണ്ട് ഇറങ്ങിയിരിക്കുന്നു. നിന്റെ ഹൃദയത്തിൽ നീ താക്കീത് നൽകുന്നവരുടെ കൂട്ടത്തിലായിരിക്കുവാൻ വേണ്ടിയത്രെ അത്.''** (ക്വുർആൻ 26: 192-194)

### വൈരുദ്ധ്യങ്ങളില്ല

വളരെ ബൃഹത്തും വിപുലവുമായ വിഷയങ്ങളാണ് ക്യുർആൻ കൈകാര്യം ചെയ്യുന്നത്. സുദീർഘമായ ഇരുപത്തിമൂന്ന് വർഷങ്ങൾക്കിടയിൽ വിഭിന്നങ്ങളായ പരിതസ്ഥിതികളിൽ വെച്ചാണ് ക്വുർആൻ അവതരിപ്പിക്കപ്പെട്ടുകൊണ്ടിരുന്നത്. എന്നിട്ടും അതിൽ വൈരുദ്ധ്യങ്ങളൊന്നും തന്നെയില്ല. ക്വുർആൻ ദൈവിക ഗ്രന്ഥമാണെന്നതിനുള്ള മതിയായ തെളിവാണിത്. ഇക്കാര്യം ക്വുർആൻതന്നെ വ്യക്തമാക്കുന്നുണ്ട്.

**''അവർ ക്വുർആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുദ്ധ്യം കണ്ടെത്തുമായിരുന്നു.''** (ക്വുർആൻ 4:82)

### ധാർമിക നിയമങ്ങൾ

ക്വുർആനിലുള്ള ധാർമിക നിയമങ്ങൾ ഏതൊരു സമൂഹത്തിലും പ്രയോഗിക്കുവാൻ പറ്റുന്നതും അതു വിഭാവനം ചെയ്യുന്ന സാന്മാർഗിക സംവിധാനം കിടയറ്റതുമാണ്. വ്യക്തിജീവിതത്തിലോ കുടുംബജീവിതത്തിലോ സാമൂഹിക ജീവിതത്തിലോ രാഷ്ട്രീയ ജീവിതത്തിലോ ഏതിലായിരുന്നാലും ക്വുർആൻ മുന്നോട്ടുവെക്കുന്ന വിധിവിലക്കുകൾ അനുസരിക്കുന്നത് നന്മക്കും പുരോഗതിക്കും മാത്രമേ നിമിത്തമാകൂ. സൂക്ഷ്മജ്ഞർക്ക് മാർഗദർശകമാകുന്ന ഗ്രന്ഥമായിട്ടാണ് ക്വുർആൻ സ്വയം പരിചയപ്പെടുത്തുന്നത്.

**''ഇതാകുന്നു ഗ്രന്ഥം. അതിൽ സംശയമേയില്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതത്രെ അത്.''** (ക്വുർആൻ 2:2)

### പ്രായോഗികത

ക്വുർആനിന്റെ അവതരണത്തിന് മുമ്പും പിമ്പുമുണ്ടായിരുന്ന അറേബ്യൻ സമൂഹത്തെക്കുറിച്ച് പഠിച്ചാൽ തന്നെ ക്വുർആൻ എത്രത്തോളം പ്രായോഗികമാണെന്നും അതു സൃഷ്ടിച്ച വിപ്ലവം എത്രത്തോ

ളം മഹത്തരമാണെന്നും നമുക്ക് മനസ്സിലാവും. രാഷ്ട്രീയവും സൈനികവുമായി അസംഘടിതരായിരുന്ന, നിയതമായ കൃഷി സൗകര്യങ്ങളൊന്നുമില്ലാത്തതിനാൽ കാർഷികമായി പിന്നോക്കംനിന്നിരുന്ന, വിദ്യാഭ്യാസ രംഗത്ത് വട്ടപൂജ്യം മാത്രമായിരുന്ന, ചികിൽസാരംഗത്ത് ഒന്നുമില്ലായിരുന്ന, അന്ധവിശ്വാസങ്ങൾ സൃഷ്ടിച്ച അധമത്വം പേറിക്കൊണ്ടിരുന്ന, മദ്യത്തിലും മദിരാക്ഷിയിലും മയങ്ങിക്കിടന്നിരുന്ന, ഗോത്രമഹിമയുടെ പേരിൽ ചോരക്കളംതന്നെപടക്കാൻ തയാറായ ഒരു സമൂഹം. ഇതാണ് ക്വുർആനിനു മുമ്പുള്ള അറേബ്യയുടെ ചിത്രം.

ക്വുർആനിന്റെ അവതരണത്തിനുശേഷമുള്ള അറേബ്യയുടെ ചിത്രം ഇതിൽനിന്ന് വളരെ വ്യത്യസ്തമാണ്. സംസ്കാരങ്ങളെ വെല്ലുന്ന ഒരു പുതിയ സംസ്കാരത്തിന്റെ വാഹകരെയാണ് നമുക്ക് അവിടെ കാണാൻ കഴിയുന്നത്. ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ അന്നത്തെ അതികായന്മാരായ ഗ്രീക്കുകാരേക്കാൾ ആ രംഗത്ത് ഉയർന്നുനിൽക്കാനവർക്ക് കഴിഞ്ഞു. ഗോത്രകലഹങ്ങളിൽ തമ്മിൽ തല്ലി തകർന്നിരുന്ന അവർ ഐക്യത്തിന്റെ പതാകവാഹകരായി മാറി. ധർമവും അധർമവുമെന്താണെന്നറിയാതിരുന്ന അവർ ധാർമികതത്ത്വങ്ങളുടെ പ്രചാരകരായി മാറി. ഇതായിരുന്നു ക്വുർആൻ സൃഷ്ടിച്ച മഹത്തായ വിപ്ലവം. ക്വുർആനിന് തുല്യമായി ഒരു ജനതയെ സംസ്കാരത്തിന്റെ പരമോന്നത ശീർഷത്തിലെത്തിക്കാൻ സാധിച്ച മറ്റൊരുഗ്രന്ഥം മാനവ ചരിത്രത്തിലെവിടെയെങ്കിലുമുണ്ടായിട്ടുണ്ടോ? ഇല്ലയെന്നാണുത്തരം. ക്വുർആനിനേക്കാൾ പ്രായോഗികമായ മറ്റൊരു ഗ്രന്ഥവുമില്ലെന്നതാണ് വാസ്തവം.

### ശാസ്ത്രീയത

വാനശാസ്ത്രത്തിലോ ഭൂമിശാസ്ത്രത്തിലോ സമുദ്രശാസ്ത്രത്തിലോ ഒന്നും അടിസ്ഥാനജ്ഞാനം പോലുമില്ലാതിരുന്ന കാലത്ത് അവതരിപ്പിക്കപ്പെട്ട ക്വുർആനിലെ വചനങ്ങൾ ശാസ്ത്രശാഖകളിലെ പുതിയ കണ്ടുപിടിത്തങ്ങളുമായി പൂർണമായും യോജിക്കുന്നുവെന്ന വസ്തുത അത് ദൈവിക ഗ്രന്ഥമാണെന്ന് ഒന്നുകൂടി വ്യക്തമാക്കുന്നു.

ഭ്രൂണ പരിണാമത്തെക്കുറിച്ച് ക്വുർആനിക പരാമർശങ്ങൾ ഉദാഹരണമായെടുക്കുക. താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധിക്കു.

സ്രവിക്കപ്പെടുന്ന ശുക്ലത്തിലെ ലക്ഷക്കണക്കിന് ബീജങ്ങളിൽ ഒരെണ്ണം മാത്രമാണ് അണ്ഡവുമായി ചേർന്ന് ഭ്രൂണമായിത്തീരുന്നതെന്ന് ഇന്ന് നമുക്കറിയാം. മൈക്രോസ്കോപ്പിന്റെ കണ്ടുപിടുത്തത്തിന് മുമ്പ് ശുക്ലസ്രാവം മൊത്തമായി ഘനീഭവിച്ചാണ് കുഞ്ഞുണ്ടാവുന്നതെന്നായിരുന്നു പൊതുവായ വിശ്വാസം. എന്നാൽ ശുക്ലസ്രാ

വത്തിലെ ഒരു ചെറിയ അംശത്തിൽനിന്നാണ് മനുഷ്യസഷ്ടിയുടെ പ്രാരംഭമെന്ന വസ്തുത പതിനാലു നൂറ്റാണ്ടുകൾക്ക് മുമ്പ് അവതരിച്ച ക്വുർആൻ സൂക്തങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

**“അവൻ സ്രവിക്കപ്പെടുന്ന ശുക്ലത്തിൽ നിന്നുള്ള ഒരു കണമായിരുന്നില്ലേ?”** (ക്യുർആൻ 75:37)

പുരുഷബീജം അണ്ഡവുമായി കൂടിച്ചേരുമ്പോഴാണ് ഭ്രൂണം ഉണ്ടാവുന്നതെന്ന് നമുക്കറിയാം. എന്നാൽ, പുരുഷബീജത്തിനകത്ത് ഒരു കൊച്ചു കുഞ്ഞ് ഒളിഞ്ഞിരിപ്പുണ്ടെന്നും അമ്മയുടെ ഗർഭാശയം ആ കുഞ്ഞിന് വളരാനുള്ള ഇടമൊരുക്കുകമാത്രമേ ചെയ്യുന്നുള്ളൂവെന്നുമായിരുന്നു പതിനെട്ടാം നൂറ്റാണ്ടുവരെ നിലനിന്നിരുന്ന വിശ്വാസം. ഇതിൽനിന്ന് വ്യത്യസ്തമായി കൂടിച്ചേർന്നുണ്ടായ ബീജത്തിൽനിന്നാണ് മനുഷ്യസൃഷ്ടി നടക്കുന്നതെന്നാണ് ക്വുർആൻ വ്യക്തമാക്കുന്നത്. ഭ്രൂണത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളെ കുറിക്കുന്ന ക്വുർആൻ വചനം ഇപ്രകാരമാണ്.

**“തീർച്ചയായും മനുഷ്യനെ കളിമണ്ണിന്റെ സത്തിൽ നിന്ന് നാം സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് ഒരു ബീജമായിക്കൊണ്ട് അവനെ നാം ഭദ്രമായ ഒരു സ്ഥാനത്ത് വെച്ചു. പിന്നെ ആ ബീജത്തെ നാം ഒരു ഭ്രൂണമായി രൂപപ്പെടുത്തി. അനന്തരം ആ ഭ്രൂണത്തെ നാം ഒരു മാംസപിണ്ഡമായി രൂപപ്പെടുത്തി. തുടർന്ന് നം ആ മാംസപിണ്ഡത്തെ അസ്ഥികൂടമായി രൂപപ്പെടുത്തി. എന്നിട്ട് നാം അസ് ഥികൂടത്തെ മാംസം കൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർത്തിയെടുത്തു. അപ്പോൾ ഏറ്റവും നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണ്ണനായിരിക്കുന്നു.”** (ക്വുർആൻ 23:12-14)

## വെല്ലുവിളി

അറബി സാഹിത്യത്തിലെ അതികായന്മാരായിരുന്ന ആളുകളുടെ ഇടയിലേക്കാണ് ക്വുർആൻ അവതരിപ്പിക്കപ്പെട്ടത്. കവികളിൽ പലരും ഇസ്‌ലാമിന്റെ ശത്രുപക്ഷത്തായിരുന്നു. ക്വുർആനിന്റെ ദിവ്യത്വത്തിൽ സംശയം പ്രകടിപ്പിച്ചവരോട് അത് ഒരു വെല്ലുവിളി നടത്തിയതിങ്ങനെയാണ്:

**“നമ്മുടെ ദാസന് നാം അവതരിപ്പിച്ചുകൊടുത്തതിനെപ്പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിന്റേത് പോലെയുള്ള ഒരു അദ്ധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിനു പുറമെ നിങ്ങൾക്കുള്ള സഹായികളെയും വിളിച്ചുകൊള്ളുക. നിങ്ങൾ സത്യവാന്മാരാണെങ്കിൽ.”** (കുർആൻ 2:23)

ക്വുർആനിലെ ചെറിയൊരു അദ്ധ്യായത്തിന് തുല്യമായ ഒരു അദ്ധ്യായം കൊണ്ടുവന്ന് അതിന്റെ വെല്ലുവിളിക്ക് മറുപടി നൽകാൻ അന്നത്തെ സാഹിത്യത്തമ്പുരാക്കന്മാർക്കൊന്നും കഴിഞ്ഞിട്ടില്ല. ഇന്നും ആ വെല്ലുവിളി നിലനിൽക്കുന്നു. ക്വുർആനിലെ ചൈതന്യവത്തും ആശയസമ്പുഷ്ടവും ജ്ഞാനനിബിഢവുമായ ഒരദ്ധ്യായത്തിന് തുല്യമായ ഒരു രചന കൊണ്ടുവരാൻ ആർക്കെങ്കിലും സാധിക്കുമോയെന്ന വെല്ലുവിളി. അതിന് ഉത്തരം നൽകാൻ മനുഷ്യർക്ക് കഴിയില്ലെന്ന് ഇന്നു നമുക്കറിയാം. മനുഷ്യന്റെ അറിവിനും കഴിവിനും പരിമിതികളുണ്ടെന്ന വസ്തുതയുടെ വെളിച്ചത്തിൽ ത്രികാലജ്ഞാനിയായ അല്ലാഹുവിന് മാത്രമേ ക്വുർആനിലേതിന് തുല്യമായ ഒരു അദ്ധ്യായം പോലും കൊണ്ടുവരാനാകൂ, തീർച്ച!

## അദ്ധ്യായം 14 മരണാനന്തരം

പ്രതിഫലേച്ഛയോടുകൂടി കർമങ്ങൾ അനുഷ്ഠിക്കുക എന്നതാണ് മനുഷ്യ പ്രകൃതി. ഭൗതിക ജീവിതത്തിൽ ഏത് പ്രവൃത്തിയിൽ ഏർപ്പെടുമ്പോഴും മനുഷ്യനെ നയിക്കുന്ന ചിന്ത തനിക്ക് ആ പ്രവൃത്തി ചെയ്താലുള്ള നേട്ടമെന്ത് എന്നായിരിക്കും. നഷ്ടത്തിൽ കലാശിക്കുന്ന പ്രവർത്തനങ്ങളിൽ നിന്ന് മനുഷ്യൻ വിട്ടുനിൽക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ചെയ്യുന്ന കർമങ്ങളൊന്നും ഫലശൂന്യമാവരുതെന്ന ചിന്തയുള്ള മനുഷ്യന് ഐഹിക ജീവിതത്തിൽ മനസ്സുകൊണ്ടും വാക്കുകൊണ്ടും അവയവങ്ങൾകൊണ്ടും ചെയ്യുന്ന കർമങ്ങൾക്ക് കൃത്യമായ ഫലം ഇവിടെ ലഭിക്കുന്നുണ്ടോ? നിലവിൽ ലഭിക്കുന്ന കർമഫലത്തിൽ മനുഷ്യൻ സംതൃപ്തനാണോ? ഈ രണ്ട് ചോദ്യങ്ങൾക്കുമുള്ള ഉത്തരം ഇല്ല എന്നത് തന്നെയാണ്. മനുഷ്യമനസ്സ് തേടുന്നത് പോലെ അവന്റെ പ്രവർത്തനങ്ങൾക്ക് എല്ലാം അർഹമായ പ്രതിഫലവും നീതി പൂർവകമായ തീർപ്പും നൽകാൻ കഴിയുന്ന ഒരു സംവിധാനം ഭൗതികലോകത്ത് ഇല്ലാത്തതാണ് കാരണം. മനുഷ്യൻ ഐഹിക ജീവിതത്തിൽ ചെയ്യുന്ന നന്മതിന്മകൾക്ക് അർഹമായ രക്ഷയോ ശിക്ഷയോ ലഭിക്കുന്നില്ല എന്നതാണ് സത്യം.

മനുഷ്യൻ തന്റെ മനസ്സുകൊണ്ടും വാക്കുകൊണ്ടും അവയവങ്ങൾ കൊണ്ടും ചെയ്യുന്ന മുഴുവൻ പ്രവർത്തനങ്ങൾക്കും പൂർണ്ണരൂപത്തിൽ ഫലം കിട്ടണം എന്ന് ആഗ്രഹിക്കുന്നു. കൃത്യമായും ആത്മാർത്ഥതയോടെയും ജോലി ചെയ്യുന്നവർക്കും, ഒട്ടും ആത്മാർത്ഥതയില്ലാതെ പലതും കാട്ടിക്കൂട്ടി സമയം തീർക്കുന്നവർക്കും ഒരേ ശമ്പളമാണ് ലഭിക്കുക. ആത്മാർത്ഥതയുള്ളവന് കൂടുതൽ അംഗീകാരം നൽകാൻ ഇവിടെ സംവിധാനമില്ല.

നൂറുകണക്കിന് നിരപരാധികളുടെയും മറ്റും ജീവിതം നശിപ്പിക്കുന്നവരിൽ പലരെയും നിയമത്തിന് പിടിക്കാൻ കഴിയുന്നില്ല. പിടിച്ചാലും അവർ ശിക്ഷിക്കപ്പെടുന്നില്ല. ശിക്ഷിക്കപ്പെട്ടാലും അർഹമായ ശിക്ഷ ലഭിക്കുന്നുമില്ല. മനുഷ്യൻ ചെയ്യുന്ന നന്മകൾക്കും തിന്മകൾക്കും അർഹമായ പ്രതിഫലവും ശിക്ഷയും നൽകാനുള്ള സംവിധാനമാണ് പരലോകം. മനുഷ്യന്റെ കർമ്മങ്ങൾ എല്ലാം തന്നെ ഒന്നും വിട്ടു പോകാതെ രേഖപ്പെടുത്തി വെക്കുന്നുണ്ട്. അത് നാളെ അവനെ കാണിച്ചു ബോധ്യപ്പെടുത്തി, സാക്ഷികളെ ഹാജരാക്കിയ ശേഷമായിരിക്കും പ്രതിഫലവും ശിക്ഷയും നൽകുക.

നീതിപൂർവകമായ പ്രതിഫലം നൽകുന്ന സംവിധാനമുണ്ടാകണമെന്നത് മനുഷ്യമനസ്സിന്റെ തേട്ടമാണ്. അത് നൽകാനുള്ള സംവിധാനമാണ് പരലോകം.

**''ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമേ നിങ്ങൾക്ക് പൂർണ്ണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽ നിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല.''** (ക്വുർആൻ 3:185)

ദൈവീകമായ വിധി വിലക്കുകളെ ജീവിതത്തിൽ പാലിച്ച് ജീവിക്കുന്ന സച്ചരിതരായ മനുഷ്യർക്ക്, തങ്ങളുടെ കർമങ്ങൾക്കുള്ള പ്രതിഫലമെന്നോണം മരണാനന്തര ലോകത്ത് ദൈവീക വിചാരണക്ക് ശേഷം പ്രതിഫല നാളിന്റെ ഉടമസ്ഥനായ അല്ലാഹു ഒരു ഔദാര്യമെന്നോണം നൽകുന്ന മഹത്തായ സങ്കേതമാണ് ഇസ്‌ലാമിക വീക്ഷണത്തിലെ **സ്വർഗം.**

**''തീർച്ചയായും വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർ തന്നെയാകുന്ന സൃഷ്ടികളിൽ ഉത്തമർ. അവർക്ക് അവരുടെ രക്ഷിതാവിങ്കലുള്ള പ്രതിഫലം താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുന്ന, സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകളാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും; എന്നെന്നേക്കുമായിട്ട്. അല്ലാഹു അവരെപറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെ പറ്റിയും തൃപ്തിപ്പെട്ടിരിക്കുന്നു. ഏതൊരുവൻ തന്റെ രക്ഷിതാവിനെ ഭയപ്പെട്ടുവോ അവന്നുള്ളതാകുന്നു അത്.''** (ക്വുർആൻ 98:7,8)

**''ഭൂമിയിൽ ഔന്നത്യമോ കുഴപ്പമോ ആഗ്രഹിക്കാത്തവർക്കാകുന്നു ആ പാരത്രിക ഭവനം നാം ഏർപെടുത്തികൊടുക്കുന്നത്.**

**അന്ത്യഫലം സൂക്ഷ്മത പാലിക്കുന്നവർക്ക് അനുകൂലമായിരിക്കും.''** (ക്വുർആൻ 28:83)

ലോക സ്രഷ്ടാവും നിയന്താവുമായ അല്ലാഹുവിന്റെ വിധിവിലക്കുകളെ പാടെ നിഷേധിക്കുകയും തങ്ങളുടെ ദേഹേച്ഛകളെ പിൻപറ്റി ജീവിക്കുകയും ചെയ്യുന്നവർക്ക് മരണാനന്തര ലോകത്ത് തങ്ങളുടെ ദുഷ്ചെയ്തികൾക്കുള്ള അനന്തരഫലമെന്ന നിലക്ക് അല്ലാഹു ഒരുക്കിവെച്ച സങ്കേതമാണ് ഇസ്‌ലാം വിവക്ഷിക്കുന്ന **നരകം.**

**''പറയുക: സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു. അതിനാൽ ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ. ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ. അക്രമികൾക്ക് നാം നരകാഗ്നി ഒരുക്കിവെച്ചിട്ടുണ്ട്. അതിന്റെ കൂടാരം അവരെ വലയം ചെയ്തിരിക്കുന്നു. അവർ വെള്ളത്തിനപേക്ഷിക്കുന്ന പക്ഷം ഉരുക്കിയ ലോഹം പോലുള്ള ഒരു വെള്ളമായിരിക്കും. അവർക്ക് കുടിക്കാൻ നൽകപ്പെടുന്നത്. അത് മുഖങ്ങളെ എരിച്ച് കളയും. വളരെ ദുഷിച്ച പാനീയം തന്നെ. അത് (നരകം) വളരെ ദുഷിച്ച വിശ്രമ സ്ഥലം തന്നെ.''** (ക്വുർആൻ 18:29)

**''അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും.''** (ക്വുർആൻ 5:72)

**''അന്ന് നരകം കൊണ്ടു വരപ്പെടുകയും ചെയ്താൽ! അന്നേ ദിവസം മനുഷ്യന്ന് ഓർമ വരുന്നതാണ്. എവിടെനിന്നാണവന്ന് ഓർമ വരുന്നത്?''** (ക്വുർആൻ 89:23)

## അദ്ധ്യായം 15 ജീവിതത്തിന്റെ അടിസ്ഥാന ലക്ഷ്യം

മരണാനന്തര ലോകത്തെ വിജയമാണ് വിശുദ്ധ ക്വുർആനിന്റെ അവതരണത്തിന് പിന്നിലുള്ള അടിസ്ഥാന ലക്ഷ്യം. അതുകൊണ്ട് തന്നെ നന്മ എന്ത് തിന്മ എന്ത് എന്ന് ക്വുർആൻ കൃത്യമായി വ്യവച്ഛേദിച്ച് പഠിപ്പിക്കുന്നുണ്ട്.

പരിശുദ്ധ ക്വുർആനിന്റെ ചർച്ചയുടെ കേന്ദ്രം മനുഷ്യനാണ്. മനുഷ്യൻ ഈ ഭൂമുഖത്ത് എങ്ങനെ ജീവിക്കണം എന്നും അവൻ എവിടെനിന്നാണ് വന്നത്, മരണാനന്തരം എവിടേക്കാണ് പോവുക

എന്നും, അവന്റെ ജീവിതത്തിന്റെ പിന്നിലുള്ള അടിസ്ഥാന ലക്ഷ്യം എന്താണ് എന്നും വിശദീകരിക്കാൻ വേണ്ടിയാണ് പ്രധാനമായും പരിശുദ്ധ ക്വുർആൻ അവതരിപ്പിക്കപ്പെട്ടത്.

നോക്കൂ, ചന്ദ്രന്റെ നിലാവട്ടം അനുഭവിച്ച്, സൂര്യകിരണങ്ങളേറ്റുവാങ്ങി, കിളികളുടെ കളകളാരവങ്ങളും മരച്ചില്ലകളുടെ തഴുകലും, കണ്ടും കേട്ടും നാം ഈ ഭൂമിയിൽ ജീവിക്കാൻ തുടങ്ങിയിട്ട് നാളേറെയായില്ലേ?

എപ്പോഴെങ്കിലും ഞാനെന്തിനാണ് ഇവിടെ ജീവിക്കുന്നത് എന്ന ചോദ്യം നമ്മെ അലട്ടിയിട്ടുണ്ടോ?

ഉണ്ടെങ്കിൽ തന്നെ അതിന്റെ ഉത്തരം തേടാനുള്ള വല്ല ശ്രമവും നമ്മുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുണ്ടോ?

പ്രത്യേക കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥിക്ക് ഒരു ലക്ഷ്യമുണ്ടാകും, വിദേശത്തു ജോലി ചെയ്യുന്ന പ്രവാസിക്കുമുണ്ടാകുമൊരു ലക്ഷ്യം, എന്ന് വേണ്ട എല്ലാ മനുഷ്യനും അവന്റെ പ്രവർത്തനങ്ങളിൽ ഒരു ലക്ഷ്യമുണ്ടാകും! എങ്കിൽ മനുഷ്യനെ ഭൂമിയിലേക്ക് അയച്ചതിനും ഒരു ലക്ഷ്യമുണ്ടാകില്ലേ??

മനുഷ്യരെ സൃഷ്ടിച്ച സ്രഷ്ടാവായ അല്ലാഹു തന്നെ നമ്മുടെ സൃഷ്ടിപ്പിന്റെ പിന്നിലുള്ള അടിസ്ഥാന ലക്ഷ്യത്തെ കുറിച്ച് പറയുന്നത് കാണുക.

**''ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.''** (ക്വുർആൻ 51:56)

ആദ്യ മനുഷ്യനായ ആദമിനേയും (അ) അദ്ദേഹത്തിന്റെ ഇണയായ ഹവ്വായേയും അല്ലാഹു സ്വർഗ്ഗത്തിലാണ് സൃഷ്ടിച്ചത്. അല്ലാഹുവിന്റെ ഒരു കൽപ്പന ലംഘിച്ചപ്പോൾ അല്ലാഹുവിന്റെ ഒരു തീരുമാനമെന്നോണം അവർ സ്വർഗ്ഗത്തിൽ നിന്ന് പുറത്താക്കപ്പെടുകയും ഭൂമിയിൽ താമസം ആരംഭിക്കുകയും ചെയ്തു.

**''അവൻ (അല്ലാഹു) പറഞ്ഞു: നിങ്ങൾ (സ്വർഗ്ഗത്തിൽ നിന്ന്) ഇറങ്ങിപ്പോകൂ. നിങ്ങളിൽ ചിലർ ചിലർക്ക് ശത്രുക്കളായിരിക്കും. നിങ്ങൾക്ക് ഭൂമിയിൽ വാസസ്ഥലമുണ്ട്. ഒരു നിശ്ചിതസമയം വരെ ജീവിതസൗകര്യങ്ങളുമുണ്ട്. അവൻ (അല്ലാഹു) പറഞ്ഞു: അതിൽ (ഭൂമിയിൽ) തന്നെ നിങ്ങൾ ജീവിക്കും. അവിടെ തന്നെ നിങ്ങൾ മരിക്കും. അവിടെ നിന്ന് തന്നെ നിങ്ങൾ (പരലോക ജീവിതത്തിനായി) പുറത്ത് കൊണ്ട് വരപ്പെടുകയും ചെയ്യും.''** (ക്വുർആൻ 7:24,25)

സ്വർഗ്ഗത്തിൽ നിന്ന് താൽക്കാലികമായാണ് മനുഷ്യനെ

അല്ലാഹു പുറത്താക്കിയത്. ആ സ്വർഗ്ഗത്തിൽ തന്നെയാണ് മനുഷ്യന് എത്തിപ്പെടേണ്ടത്. സ്വർഗ്ഗത്തിൽ നിന്ന് പുറത്താക്കപ്പെട്ട മനുഷ്യന് വീണ്ടും അവിടെ എത്തുന്നതിനായി അല്ലാഹു ഒരു പരീക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. അതാണ് ഈ ഐഹിക ജീവിതം.

**''നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവ നാകുന്നു അവൻ അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനു മാകുന്നു.''** (ക്വുർആൻ 67:2)

ഐഹിക ജീവിതമാകുന്ന ഈ പരീക്ഷയിൽ വിജയം നേടുന്നവ നാണ് സ്വർഗ്ഗം ലഭിക്കുന്നത്. അതിൽ പരാജയപ്പെടുന്നവന് നരകമാ ണ് ലഭിക്കുന്നത്. ഐഹിക ജീവിതമാകുന്ന ഈ പരീക്ഷയിൽ വിജ യം നേടി സ്വർഗ്ഗത്തിൽ പ്രവേശിക്കുകയെന്നതാണ് ഓരോ മനുഷ്യന്റേ യും ജീവിത ലക്ഷ്യം. അതിൽ വിജയിക്കുന്നവനാണ് യഥാർത്ഥ ജീവിത ലക്ഷ്യം നേടിയെടുത്തത്.

## അദ്ധ്യായം 16 എങ്ങിനെ മുസ്‌ലിമാവാം ?

ഇസ്‌ലാം എന്നത് ജന്മം കൊണ്ടു മാത്രം ലഭിക്കുന്നതല്ല, ഒരാൾക്ക് മുസ്‌ലിമാവണമെങ്കിൽ മുസ്‌ലിം മാതാപിതാക്കൾക്ക് ജനിക്കണമെന്ന നിബന്ധനയുമില്ല. അഥവാ ഇസ്‌ലാം മതം പാരമ്പര്യമായി കൈമാറപ്പെടുന്നതല്ല എന്നർത്ഥം.

മുസ്‌ലിമാവുന്നതിന് പ്രത്യേക ചടങ്ങുകളോ കർമ്മങ്ങളോ ഒന്നും തന്നെയില്ല.

### വിശ്വാസകാര്യങ്ങൾ

ആറ് കാര്യങ്ങളിൽ വിശ്വസിക്കുന്നതിലൂടെയാണ് ഏതൊരാളും മുസ്‌ലിമാവുന്നത്. അവയാണ് വിശ്വാസകാര്യങ്ങൾ (ഈമാൻ കാര്യങ്ങൾ) എന്ന് അറിയപ്പെടുന്നത്.

നബി (സ്വ) പറഞ്ഞു: **ഈമാൻ എന്നാൽ അല്ലാഹുവിലും അവ ന്റെ മലക്കുകളിലും, അവന്റെ വേദഗ്രന്ഥങ്ങളിലും, അവന്റെ പ്രവാ ചകന്മാരിലും, അവസാനനാളിലും, വിധിനിർണയത്തിലും വിശ്വ സിക്കലാകുന്നു.** (ബുഖാരി)

### 1. അല്ലാഹുവിലുള്ള വിശ്വാസം

അല്ലാഹുവിന്റെ ഉണ്മയിലും ഏകത്വത്തിലുമുള്ള വിശ്വാസമാണത്. അല്ലാഹുവിന്റെ ഏകത്വത്തിലുള്ള (തൗഹീദ്) വിശ്വാസത്തിനു മൂന്നു

അവിഭാജ്യ ഘടകങ്ങളുണ്ട്. അവ **രക്ഷാകർതൃത്വത്തിലുള്ള ഏകത്വം, ആരാധനയിലുള്ള ഏകത്വം, നാമ ഗുണ വിശേഷണങ്ങളിലുള്ള ഏകത്വം** എന്നിവയാണ്.

**രക്ഷാകർതൃത്വത്തിലുള്ള ഏകത്വം**

പ്രപഞ്ചത്തിന്റെ മുഴുവൻ രക്ഷിതാവ് അല്ലാഹു മാത്രമാണ് എന്ന വിശ്വാസമാണത്. ആകാശ ഭൂമികളും, സൂര്യ ചന്ദ്രന്മാരും അനേകകോടി നക്ഷത്രങ്ങളും അനന്തമായ പ്രപഞ്ചവും, നാം കാണുന്നതും കാണാത്തതുമായ മുഴുവൻ ജീവ ജാലങ്ങളെയും സൃഷ്ടിച്ച് പരിപാലിക്കുന്ന ഉടമസ്ഥൻ (റബ്ബ്) അല്ലാഹുവാണ് എന്ന് വിശ്വസിക്കലാണ് രക്ഷാകർതൃത്വത്തിലുള്ള ഏകത്വം.

**ആരാധനയിലുള്ള ഏകത്വം**

വാക്കുകളും പ്രവർത്തനങ്ങളുമടങ്ങിയ മുഴുവൻ ആരാധനകളും അല്ലാഹുവിന് മാത്രമായിരിക്കുക എന്നതാണ് ആരാധനയിലുള്ള ഏകത്വം. എല്ലാ ആരാധനകളും അല്ലാഹുവിന് മാത്രം. പ്രാർത്ഥന, നേർച്ച, വഴിപാട്, സത്യം ചെയ്യൽ, സൂജൂദ് തുടങ്ങിയ എല്ലാ ആരാധനകളും അവന് മാത്രമാക്കുക. അതാണ് തൗഹീദിന്റെ മർമം.

**നാമ ഗുണ വിശേഷണങ്ങളിലുള്ള ഏകത്വം**

വിശുദ്ധ ക്വുർആനിലോ ഹദീസുകളിലോ (നബി വചനം) പരിചയപ്പെടുത്തിയ, അല്ലാഹുവിന് മാത്രം അവകാശപ്പെട്ട വിശുദ്ധ നാമങ്ങളും വിശേഷണങ്ങളും യാതൊരു മാറ്റിത്തിരുത്തലുമില്ലാതെ അംഗീകരിച്ച് കൊടുക്കലാണ് ഇതുകൊണ്ട് അർത്ഥമാകുന്നത്.

**2. മലക്കുകളിലുള്ള വിശ്വാസം**

മനുഷ്യ സൃഷ്ടിപ്പിൽ നിന്നും വിഭിന്നമായി, പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ട അദൃശ്യസൃഷ്ടികളാണ് മലക്കുകൾ. അല്ലാഹു അവരെ സൃഷ്ടിച്ചത് അവനെ ആരാധിക്കുവാനും അവന്റെ കൽപ്പനകൾ നടപ്പിലാക്കുവാനും വേണ്ടിയാണെന്നും വിശ്വസിക്കലാണത്.

**3. വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം**

അല്ലാഹു അവന്റെ യഥാർത്ഥ മാർഗം വിശദീകരിക്കാനും ജനങ്ങളെ അതിലേക്ക് ക്ഷണിക്കുവാനും പ്രവാചകന്മാർക്ക് വേദഗ്രന്ഥങ്ങൾ ഇറക്കികൊടുത്തിട്ടുണ്ട് എന്ന് വിശ്വസിക്കലാണ് വേദഗ്രന്ഥങ്ങളിലുള്ള (കിതാബുകളിലുള്ള) വിശ്വാസം.

അല്ലാഹു അവതരിപ്പിച്ച വേദഗ്രന്ഥങ്ങളിൽ പ്രധാനപ്പെട്ടവ.

മൂസാ നബി (അ) ക്ക് തൗറാത്ത്

ദാവൂദ് നബി (അ) ക്ക് സബൂർ

ഈസാ നബി (അ) ക്ക് ഇൻജീൽ

മുഹമ്മദ് നബി (അ) ക്ക് ക്വുർആൻ

ലോകത്ത് അനേകായിരം പ്രവാചകന്മാർ കടന്ന് പോയിട്ടുണ്ട്. അവരിൽ പലർക്കും വേദഗ്രന്ഥങ്ങൾ നൽകിയിട്ടുമുണ്ട്. എന്നാൽ അവരുടെ കാലശേഷം ജനങ്ങൾ അവയിൽ പലതും കൂട്ടിച്ചേർക്കുകയോ ഒഴിവാക്കുകയോ ചെയ്തു. അതിനാൽ അവയെല്ലാം ദുർബലപ്പെട്ടു. മുമ്പുള്ള പ്രവാചകന്മാരെയും, അവർക്ക് അവതരിച്ച വേദഗ്രന്ഥങ്ങളെയും സത്യപ്പെടുത്തുന്നതും, വേദഗ്രന്ഥങ്ങളിൽ അവസാനത്തേതും തെറ്റുപറ്റാതെ ലോകാവസാനം വരെ നിലനിൽക്കുന്നതെന്ന് അല്ലാഹു സാക്ഷ്യപ്പെടുത്തിയതുമായ വേദഗ്രന്ഥമാണ് വിശുദ്ധ ക്വുർആൻ.

**4. ദൈവദൂതന്മാരിലുള്ള വിശ്വാസം**

അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിലേക്കും അവനല്ലാത്ത ആരാധ്യരെ പാടെ ഒഴിവാക്കുന്നതിലേക്കും ക്ഷണിക്കാൻ എല്ലാ സമൂഹങ്ങളിലും പ്രവാചകന്മാരെ അല്ലാഹു നിയോഗിച്ചിട്ടുണ്ടെന്ന് ദൃഢമായി വിശ്വസിക്കലാണ് ദൂതന്മാരിലുള്ള (പ്രവാചകന്മാരിലുള്ള) വിശ്വാസം. അല്ലാഹുവിന്റെ വിധി വിലക്കുകൾ മനുഷ്യരെ പഠിപ്പിക്കുകയും സന്മാർഗം വിശദീകരിച്ചുകൊണ്ട് മാതൃകാ ജീവിതം നയിക്കലുമാണ് അവരുടെ ബാദ്ധ്യത.

**5. അന്ത്യനാളിലുള്ള വിശ്വാസം**

മനുഷ്യരടക്കമുള്ള സൃഷ്ടികളെല്ലാം നശിക്കുന്ന ഒരു ദിനം വരാനുണ്ട്. സ്രഷ്ടാവല്ലാത്തവരൊക്കെയും അന്ന് നശിക്കുന്നതാണ്. പിന്നീട് അവരെയൊക്കെ പുനർജീവിപ്പിച്ച് ഒരുമിച്ച് കൂട്ടുകയും ഓരോരുത്തരുടെയും കർമങ്ങൾക്കനുസരിച്ച് വിചാരണയും പ്രതിഫലവും നിർവഹിക്കപ്പെടുന്ന നീതിയുടെ ഒരു വേദി വരാനുണ്ടെന്നും ഇസ്‌ലാം പഠിപ്പിക്കുന്നു. ഇസ്‌ലാമിക വിശ്വാസ കാര്യങ്ങളിൽ സുപ്രധാനമായ ഒന്നാണിത്. അവിടെയാണ് മനുഷ്യരുടെ കർമങ്ങൾ ശരിയായ രൂപത്തിൽ വിചാരണ ചെയ്യപ്പെടുന്നത്. നന്മക്ക് നന്മയും തിന്മകൾക്ക് ശിക്ഷയും പ്രതിഫലമായി നൽകപ്പെടുന്ന കൃത്യമായ നീതിയുടെ ലോകം. നന്മവർദ്ധിപ്പിച്ചവരെ സ്വർഗത്തിലേക്കും തിന്മവർദ്ധിപ്പിച്ചവരെ നരകത്തിലേക്കും പ്രവേശിപ്പിക്കുമെന്നും ക്വുർആൻ വ്യക്തമായി അറിയിച്ചിട്ടുണ്ട്.

**6. വിധിയിലെ നന്മയും തിന്മയും അല്ലാഹുവിൽ നിന്നാണെന്നുള്ള വിശ്വാസം**

നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ വിധി പ്രകാരമാണ്. അവൻ ഉദ്ദേശിക്കുന്നത് സംഭവിക്കും.

അവന്റെ തീരുമാനമില്ലാതെ ഒന്നും സംഭവിക്കുന്നില്ല. എല്ലാ കാര്യങ്ങളും സർവജ്ഞനായ അല്ലാഹുവാണ് നിർണ്ണയിക്കുന്നത്. എല്ലാം സൂക്ഷ്മമായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.

**ഇസ്ലാം കാര്യങ്ങൾ**

ഒരു മുസ്ലിം നിർബന്ധമായും ജീവിതത്തിൽ അനുഷ്ഠിക്കേണ്ട അഞ്ച് കാര്യങ്ങളുണ്ട്. അവയാണ് ഇസ്ലാം കാര്യങ്ങൾ എന്നറിയപ്പെടുന്നത്.

ഇബ്നു ഉമർ (റ) വിൽ നിന്ന് നിവേദനം: നബി (സ്വ) പറയുന്നതായി ഞാൻ കേട്ടു: **ഇസ്ലാം അഞ്ചു കാര്യങ്ങളിലാണ് നിർമ്മിക്കപ്പെട്ടത്. അല്ലാഹു അല്ലാതെ ആരാധനക്കർഹൻ ഇല്ലെന്നും മുഹമ്മദ് നബി (സ്വ) അവന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കുക, നിസ്കാരം കൃത്യമായിനുഷ്ഠിക്കുക, സക്കാത്ത് നൽകുക, റമദാനിൽ നോമ്പനുഷ്ഠിക്കുക, കഅ്ബയിൽ പോയി ഹജ്ജ് ചെയ്യുക.**

**1. ശഹാദത്ത്**

ഇസ്ലാമിൽ നിർബന്ധിത മതപരിവർത്തനമില്ല. ഒരു വ്യക്തി സ്വയം മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ, ഈ ലോകത്തിന്റെ സ്രഷ്ടാവ് അല്ലാഹുവാണെന്ന് ബോധ്യപ്പെടുകയും, അവൻ മാത്ര മാണ് യഥാർത്ഥത്തിൽ ആരാധനക്ക് അർഹനായിട്ടുള്ളവനെന്നും, അവൻ ഭൂമിയിൽ നിന്ന് കാലാകാലങ്ങളിൽ തെരഞ്ഞെടുത്ത പ്ര വാചകന്മാരിലെ അവസാന കണ്ണിയായ അന്ത്യ പ്രവാചകനാണ് മുഹമ്മദ് നബി (സ്വ) എന്നും ഉറച്ചു വിശ്വസിച്ചു അത് നാവ് കൊണ്ട് പ്രഖ്യാപിച്ചാൽ ഒരാൾ മുസ്ലിമായി.

ഇങ്ങിനെ പ്രഖ്യാപിക്കുന്നതിനെയാണ് ഷഹാദത്ത് അഥവാ സത്യ സാക്ഷ്യം എന്ന് പറയുന്നത്.

**ഷഹാദത്തിന്റെ വചനങ്ങൾ ഇങ്ങിനെയാണ്.**

*അഷ്ഹദു അൻ ലാഇലാഹ ഇല്ലല്ലാഹ്*

*അഷ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്.*

*അല്ലാഹു അല്ലാതെ ആരാധനക്കർഹനായി ആരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു, മുഹമ്മദ് നബി* (സ്വ) *അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.*

ഈ സാക്ഷ്യം പ്രതിജ്ഞയായി എടുത്ത് അതനുസരിച്ച് ജീവിതം ക്രമീകരിക്കലാണ് ശഹാദത്ത്. ഒന്നാം സത്യ സാക്ഷ്യത്തിന്റെ പൂർണ്ണമായ ആശയം ഉൾക്കൊണ്ടു കൊണ്ട്, പ്ര വാചകൻ മുഹമ്മദ് നബി (സ്വ) യെ മാതൃകയാക്കി, അദ്ദേഹം കാ

ണിച്ചു തന്ന രൂപത്തിൽ തന്റെ ജീവിതം ചിട്ടപ്പെടുത്താം എന്ന പ്രതിജ്ഞയാണ് സത്യത്തിൽ ഈ പ്രഖ്യാപനം കൊണ്ട് ഉദ്ദേശിക്കുന്നത്. ആശയം ഉൾക്കൊള്ളാതെ വെറും നാവു കൊണ്ട് പറഞ്ഞത് കൊണ്ട് ഷഹാദത്ത് ആവുന്നില്ല.

**2. നിസ്കാരം**

നമ്മെ സൃഷ്ടിച്ച് പരിപാലിക്കുന്ന രക്ഷിതാവായ അല്ലാഹുവിനെ യഥാവിധി സ്മരിക്കലാണ് നിസ്കാരം. മതത്തിന്റെ തൂണും ഇസ്ലാം കാര്യങ്ങളിൽ രണ്ടാമത്തേതുമാണ് നിസ്കാരം. അഞ്ചു നേരം കൃത്യമായി നിസ്കരിക്കൽ ഓരോ വിശ്വാസിക്കും നിർബന്ധ ബാദ്ധ്യതയാകുന്നു.

**3. സക്കാത്ത്**

സമ്പന്നരുടെ സ്വത്തിൽ നിന്നും വർഷംതോറും നൽകേണ്ട വിഹിതമാണ് സകാത്ത്. സമ്പത്തിൽ നിന്നും നിർണയിക്കപെട്ട ഒരു ഭാഗം അർഹരായവർക്ക് നൽകുന്ന ആരാധനയാണ് സക്കാത്ത്.

**4. നോമ്പ്**

പരിശുദ്ധ റമദാൻ മാസത്തിലെ മുഴുവൻ ദിവസവും പ്രഭാതം മുതൽ പ്രദോഷം വരെ അന്നപാനീയങ്ങൾ വെടിയുകയും നോമ്പിനെ നഷ്ടപ്പെടുത്തുന്ന മുഴുവൻ കാര്യങ്ങളിൽ നിന്നും അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് വിട്ടു നിൽക്കുന്നതിനാണ് നോമ്പ് (വ്രതം) എന്ന് പറയുന്നത്.

**5. ഹജ്ജ്**

മാനസികവും ശാരീരികവും സാമ്പത്തികവുമായി ബന്ധപ്പെട്ടു നിൽക്കുന്ന ഒരു ആരാധനാ കർമ്മമാണ് ഹജ്ജ്. മക്കയിലേക്കുള്ള തീർത്ഥാടനവും അനുബന്ധകർമ്മങ്ങളുമാണ് ഹജ്ജിലുള്ളത്. നിർഭയമായി മക്കയിലെത്താവുന്ന ശാരീരികവും സാമ്പത്തികവുമായ ശേഷിയുള്ളവർക്ക് ആയുസ്സിലൊരിക്കലെങ്കിലും ഹജ്ജും ഉംറയും നിർവഹിക്കൽ നിർബന്ധമാണ്. ഇസ്ലാമിന്റെ പഞ്ചസ്തംഭങ്ങളിലൊന്നാണത്.

ഈ രൂപത്തിൽ വിശ്വസിച്ച് ശഹാദത്ത് പ്രഖ്യാപിച്ച ഒരാളെ സംബന്ധിച്ചിടത്തോളം ആ നിമിഷം. മുതൽ അയാൾക്ക് ഇസ്ലാം വിലക്കിയ കാര്യങ്ങൾ ഉപേക്ഷിക്കേണ്ടി വരുന്നു.

ഉദാ: ബഹുദൈവ ആരാധന, മദ്യം, പലിശ, വ്യഭിചാരം, കളവ്, ചതി, ഏഷണി, പരദൂഷണം തുടങ്ങിയവ.

അത് പോലെ തന്നെ ഇസ്ലാം കല്പിച്ച കാര്യങ്ങൾ അയാൾക്ക്

അനുഷ്ഠിക്കേണ്ടതായി വരുന്നു.

ഉദാ: അല്ലാഹുവിനെ മാത്രം ആരാധിക്കുക, നിസ്കാരം, നിർബന്ധ സക്കാത്ത്, ദാനധർമ്മങ്ങൾ, നോമ്പ്, ഹജ്ജ്, മാതാപിതാക്കൾക്ക് നന്മ ചെയ്യൽ, സൽസ്വഭാവം മുതലായവ.

ചുരുക്കത്തിൽ ഇസ്‌ലാം സ്വീകരിക്കുന്നതോട് കൂടി ഒരു വ്യക്തി അല്ലാഹുവിന്റെ വിധിവിലക്കുകളും നിയമങ്ങളും അനുസരിച്ച് ജീവിക്കാൻ ബാധ്യസ്ഥനാവുന്നു. അതാണ് കീഴൊതുങ്ങിയവൻ (മുസ്‌ലിം) എന്നത് കൊണ്ട് അർത്ഥമാക്കുന്നത്.

ഒരാൾ ഇസ്‌ലാം സ്വീകരിച്ചാൽ അയാളുടെ ജീവിത കാലത്ത് സംഭവിച്ച മുഴുവൻ പാപങ്ങളും പൊറുക്കപ്പെട്ടവനായി, തന്റെ മാതാവ് പ്രസവിച്ച അവസ്ഥയിൽ ആയിത്തീരുന്നുവെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.

**“സത്യനിഷേധികളോട്, അവർ വിരമിക്കുകയാണെങ്കിൽ അവർ മുമ്പ് ചെയ്തുപോയിട്ടുള്ളത് അവർക്കു പൊറുത്തുകൊടുക്കപ്പെടുന്നതാണ് എന്ന് നീ പറയുക. ഇനി അവർ (നിഷേധത്തിലേക്കു തന്നെ) മടങ്ങുകയാണെങ്കിലോ, പൂർവ്വികൻമാരുടെ കാര്യത്തിൽ (അല്ലാഹുവിന്റെ) നടപടി കഴിഞ്ഞുപോയിട്ടുണ്ടല്ലോ.”** (ക്വുർആൻ 8:38)

നബി (സ) പറഞ്ഞതായി ഇബ്നുമസ്ഊദ് (റ) ഉദ്ധരിക്കുന്നു: **“ഇസ്‌ലാം അതിന്റെ മുമ്പുള്ളതിനെ (പാപങ്ങളെ) തുടച്ചു നീക്കുന്നതാണ്.”** (ബുഖാരി)

**വീഡിയോ കാണുവാൻ സ്കാൻ ചെയ്യുക:**

## സത്യത്തിന്റെ വിളക്കുമാടം

മുഴുവൻ മനുഷ്യരുടെയും നന്മക്കും ഇഹലോകത്തെയും പരലോകത്തെയും വിജയത്തിനുമായി പ്രപഞ്ചനാഥൻ നൽകിയ സന്ദേശമാണ് ഇസ്ലാം. ഇത് പിന്തുടരേണ്ടത് മനുഷ്യരുടെ ബാധ്യതയാണ്. രക്ഷയിലേക്കും സമാധാനത്തിലേക്കും ശാന്തിയിലേക്കുമാണ് ഇസ്ലാം ക്ഷണിക്കുന്നത്. പരലോക വിജയമാണതിന്റെ ലക്ഷ്യം.

അതിനായി,

ഏകനായ അല്ലാഹുവെ മാത്രം ആരാധിക്കുക അവൻ മുഹമ്മദ് നബി (സ) യിലൂടെ നൽകിയ സന്ദേശം പിന്തുടരുക.

ഈ സത്യത്തിലേക്ക് എല്ലാവരെയും ക്ഷണിക്കുന്നു.

അല്ലാഹുവേ നിന്റെ ഈ സത്യസന്ദേശം ഞങ്ങൾ എത്തിച്ചു കൊടുത്തു എന്നതിന് നീ സാക്ഷി.

അല്ലാഹുവിന്റെ പരിശുദ്ധ ഗ്രന്ഥമായ വിശുദ്ധ ക്വുർആൻ അതിന്റെ യഥാർത്ഥ സ്രോതസ്സിൽ നിന്നും പഠിച്ചു മനസ്സിലാക്കി വിജയികളുടെ കൂട്ടത്തിൽ ഉൾപ്പെടാൻ സ്രഷ്ടാവ് താങ്കളെ അനുഗ്രഹിക്കട്ടെ,

കൂടുതൽ പഠിക്കുവാൻ ബന്ധപ്പെടുക:

NICHE OF TRUTH
P.B. NO: 832, Poothole, Thrissur4.
Tel: 9746547777
Email: nicheoftruthinfo@gmail.com | dawa@nicheoftruth.org
www.nicheoftruth.org

**(സൗജന്യം)**

അറബി ഭാഷയിൽ അവതരിച്ച ക്വുർആനിന്റെ ആശയ വിവർത്തനം വിവിധ ഭാഷകളിൽ ലഭ്യമാണ്. **ക്വുർആനിന്റെ ആശയ വിവർത്തനം വായിക്കുവാൻ ഇതുവരെ അവസരം ലഭിച്ചിട്ടില്ലെങ്കിൽ ഇന്നു തന്നെ ബന്ധപ്പെടുക. 9746547777**